സ്വരരാഗചിന്തനം



LS
P21

LS
P21

29-12-1958

സ്മരണോപഹാരം.

റവ. ഫാദർ സക്കറിയാസ് പാറയ്ക്കൽ
അവർകളുടെ പൗരോഹിത്യജീവിതത്തിന്റെ
കനകജൂബിലിസ്മാരകമായി
സമർപ്പിയ്ക്കപ്പെട്ടതു്.

29 ഡിസംബർ 1958


LS
P21
DHARMARAM COLLEGE LIBRARY
12392
BANGALORE.

വിദ്വാൻ എം. ഒ. അവരാ
പൗലോസ് പാലയ്ക്കാപ്പിള്ളി
B. A., B. T.

Presented by
Very Rev. Fr. Arsenius C.M.I.
14th November 1959.

L. F. Press, Thevara 1959.

Copy right
1959.



Jubilarian

(Rev. Fr. Zacharias Parackal.)

DHARMARAM COLLEGE LIBRARY, BANGALORE. 12392

DHARMARAM COLLEGE LIBRARY, BANGALORE.

സമർപ്പണം

പാറയ്ക്കാത്തിളകാത്ത ഭക്തിമഹിമാ-
വാന്നോരു കാഞ്ഞൂരെ ഗ്രാമം

'പാറയ്ക്കൽ സ്കറിയാ' ഖ്യനാം വരഗുരോ,
സലൈടികോത്തംസമേ,

പൗരോഹിത്യസുവർണ്ണജൂബിലിമഹം
ഘോഷിച്ചിതാ ഞങ്ങളും

നേരോടീ 'സ്മരണോപഹാര'മവിടേ-
യ്ക്കർപ്പിപ്പു സപ്രശ്രയം.

ആമുഖം

ഈ സ്മാരകഗ്രന്ഥത്തിനു വിഷയീഭൂതനായിരിക്കുന്ന ബ. സ്കറിയാച്ചനെ ആദ്യമായി ഞാൻ കാണുന്നതു്, പറവൂർ കോട്ടയ്ക്കാവുപള്ളി വികാരിയായി ചാർജ്ജെടുത്തതിനടുത്ത ഞായറാഴ്ച പസ്സേന്തിവായന കഴിഞ്ഞു് ബലിപീഠത്തിനടുത്തു പ്രസംഗിച്ചുകൊണ്ടു നിൽക്കുന്ന സന്ദർഭത്തിലായിരുന്നു. ആ രംഗത്തിന്റെ ചിത്രം എന്റെ സ്മൃതിപഥത്തിൽനിന്നു് ഇന്നും മാഞ്ഞുപോയിട്ടില്ല. സ്നേഹഭാവപ്രസന്നവും എന്നാൽ, കുലീനതാഗൗരവം കളിയാടുന്നതുമായ മുഖമണ്ഡലം, ശ്രോതാക്കളെ ആകർഷിക്കുന്ന വാഗ്വിലാസം, കമ്മ്യസന്നദ്ധതയെ ദ്യോതിപ്പിക്കുന്ന നേത്രവിക്ഷേപം, അധികം ഉയരമില്ലാത്തതും അരോഗദൃഢവുമായ ഗാത്രവടിവു് ഇവയെല്ലാം ഒത്തിണങ്ങിയ ആ രൂപം ഏതു ദൃഷ്ടാവിന്റേയും ബഹുമാനാദരങ്ങളെ ആജ്ഞിക്കുവാൻ പര്യാപ്തമായിട്ടുള്ളതായിരുന്നു.


അതിനുശേഷം കുറെ അധികം നാൾ കഴിഞ്ഞു് ഒരു ദിവസം യദൃച്ഛയാ അച്ചനുമായി പരിചയപ്പെടുവാനിടയായി. ആ അടുപ്പം ക്രമേണ വളർന്നു അച്ചന്റെ കീഴിൽ ഒരു ചെറിയ ജോലിയിൽ ഞാൻ നിയമിതനാകുവാനും സംഗതിയാക്കി. എന്റെ അതിപ്രയത്നവും അച്ചന്റെ ആത്മാർത്ഥമായ പ്രോത്സാഹനവും ഒത്തിണങ്ങിയപ്പോൾ എന്റെ മനസ്സിലും ജീവിതത്തിലും കൂടുതൽ പ്രകാശവും വികാസവും ഉണ്ടായിത്തുടങ്ങി. സ്ക്കൂൾ ജോലിയും കണക്കെഴുത്തും പള്ളിമുറിയിൽ താമസവും. പത്തുകൊല്ലം ഇങ്ങനെ ഞാൻ അച്ചനുമൊരുമിച്ചു കഴി

ഞങ്ങളുടെ. പറവൂർ ഹൈസ്കൂളിൽ പഠിച്ചുകൊണ്ടിരുന്ന അച്ഛന്റെ സോദരപുത്രനായ ശ്രീ. പി. ഡി. ആന്റെറണി ആയിരുന്ന അന്നത്തെ നിത്യസഹചാരികളിൽ ഒരാൾ. ആ താമസകാലത്തു് സകല കാര്യങ്ങളിലും സ്കൂറിയാച്ചന്റെ ഹിതമറിഞ്ഞു പ്രവർത്തിക്കുവാൻ ഞാൻ വളരെ ശ്രദ്ധ പതിപ്പിച്ചിരുന്നു. ഒരു ശിക്ഷണാലയത്തിലെന്നപോലെയാണു് അക്കാലജീവിതമെന്നു എനിക്കനുഭവപ്പെട്ടുകൊണ്ടിരുന്നതു്. പറവൂർനിന്നു അച്ചൻ മൂഴിക്കുളത്തേക്കു മാറിപ്പോയതിനു ശേഷവും ഞാൻ തന്നെ കുറെ കാലത്തേക്കു് കണക്കുകളും മറ്റും എഴുതിക്കൊട്ടുത്തുകൊണ്ടിരുന്നു. എന്നാൽ അതു തുടർന്നുകൊണ്ടുപോകുവാൻ എനിക്കു സൗകര്യപ്പെട്ടില്ല. അപ്പോൾ മുതലാണു് എന്റെ സ്നേഹിതൻ ശ്രീ. പൗലോസിന്റെ സേവനങ്ങൾ അധികമായി അച്ചനു സിദ്ധിക്കുവാൻ ഇടയായതു്. പൗലോസിനു മൂഴിക്കുളം സ്ക്കൂളിലായിരുന്നു ജോലി. അതു് പ്രസ്തുത സേവനത്തിനു് കൂടുതൽ സൗകര്യമായിത്തീരുകയും ചെയ്തു. അച്ചനുമായുള്ള നിത്യസമ്പർക്കം എനിക്കും പൗലോസിനും അതതുകാലത്തു് ഓരോ രൂപത്തിൽ ഉപകാരപ്പെട്ടിട്ടുണ്ടു്. "ചിരപരിചയാദവജ്ഞാ" എന്ന പ്രമാണത്തിനു് ഒരപവാദമാണു സ്കറിയാച്ചനുമൊരുമിച്ചുള്ള നിത്യസഹവാസം ഞങ്ങൾക്കനുഭവപ്പെട്ടിത്തന്നതു്. കൂടുതൽ കൂടുതൽ അടുക്കുംതോറും ആ ദ്വേഹത്തിന്റെ വ്യക്തിമഹിമയെപ്പറ്റിയുള്ള ഭക്തിബഹുമാനങ്ങളും കൂടിക്കൂടി വന്നതേയുള്ളു. സഹായസഹകരണങ്ങൾക്കു മാത്രമല്ല, മനഃസമാധാനത്തിനും, ആലോചനയ്ക്കും ആ വന്ദ്യവൈദികന്റെ സന്നിധി തന്നെയായിരുന്നു ഞങ്ങൾക്കു് അന്നും സങ്കേതസ്ഥാനം. അങ്ങനെ കാലാന്തരത്തിൽ "കുഞ്ഞവരയും പൗലോസും" അച്ചന്റെ കരുണനിറഞ്ഞ നിനവുകൾക്കും, വിശ്വാസമാന്ന

ഗണനകൾക്കും ഭാജനങ്ങളായി പരിണമിച്ചു. ഞങ്ങൾ ക്കുണ്ടായിട്ടുള്ള അഭ്യുദയത്തിനു നിദാനം ബ. സ്കറിയാച്ചനാണെന്നാണു ഞങ്ങളുടെ ദൃഢവിശ്വാസം. അച്ചനു് ഞങ്ങൾ അത്രത്തോളം കടപ്പെട്ടവരാണു്. ഈ ജ്ഞാനബദ്ധത പരിഹരിക്കുവാൻ ഈയുള്ളവക്കൊട്ടു സാധിച്ചിട്ടുമില്ല. എന്നാൽ ഒരു കാര്യം വിനീതമായി പറയുവാൻ ധൈര്യം തോന്നുന്നുണ്ടു്. ചേരി മാറാതെ എക്കാലത്തും സൗഭാഗ്യത്തിലും ദൗർഭാഗ്യത്തിലും സുഖത്തിലും ദുഃഖത്തിലും ഒരുപോലെ കൂറോടുകൂടി ഞങ്ങൾ അച്ചനെ സ്നേഹിച്ചിരുന്നു; സേവിച്ചിരുന്നു. എന്നെ സംബന്ധിച്ചു പ്രത്യേകം പറഞ്ഞാൽ ഏതാണ്ടു മുപ്പതിലധികം കൊല്ലക്കാലം ഈ ഭാഗ്യം എനിക്കു ലഭിച്ചിട്ടുണ്ടു്. ഏതു സംഗതിയിലും, എപ്പോഴും അദ്ദേഹത്തിനു ഞങ്ങളെ വിശ്വസിക്കാമായിരുന്നു; വിശ്വസിച്ചുമിരുന്നു. ആ വിശ്വാസം ഒരിക്കലും വഞ്ചിക്കപ്പെട്ടിട്ടില്ലെന്നു് എനിക്കും പൗലോസിനും തികച്ചും കൃതാർത്ഥതയ്ക്കവകാശമുണ്ടു്. സ്വന്തം കുടുംബാംഗങ്ങളിൽ ഒരാളെപ്പോലെയാണു ഞാൻ കരുതപ്പെട്ടുപോന്നിട്ടുള്ളതു്. അച്ചന്റെ വന്ദ്യമാതാവു് സഹോദരീസഹോദരന്മാർ, അവരുടെ സന്താനങ്ങൾ, ഇങ്ങനെ കുടുംബാംഗങ്ങളിൽപ്പെട്ട പലരോടും അടുത്തു പരിചയിച്ചു് സ്നേഹവിശ്വാസങ്ങൾ പുലർത്തിപ്പോരുവാനും എനിക്കു് ആദ്യന്തം സാധിച്ചിട്ടുണ്ടു്. ആ സൗഹാർദ്ദബന്ധം ഒരക്ഷയസമ്പത്തായിത്തന്നെ ഞാൻ സദാ കരുതിപ്പോരുകയും ചെയ്യുന്നു. സഹോദരനായ പ്രൊ: ബ. അർസേനിയൂസച്ചനും, കുടുംബാംഗങ്ങളിൽ വേറെ രണ്ടു മൂന്നു വ്യക്തികളും എനിക്കു പ്രത്യേകിച്ചും കൃതജ്ഞതാപാത്രങ്ങളത്രെ. അവർ ഇന്നും എന്റെ അഭ്യുദയകാംക്ഷികളാണു്.

ബ: സ്കൂറിയാച്ചൻ കോട്ടയ്ക്കാവുപള്ളിയിൽനിന്നും മാറിപ്പോയ അവസരത്തിൽ ഞാൻ സെൻറ് അലോഷ്യസ് ഗറൽസ് ഹൈസ്കൂളിലെ ഭാഷാദ്ധ്യാപകനായി ജോലിനോക്കിക്കൊണ്ടിരുന്നു. തൽസ്ഥാനം തുടർന്നുപോരുവാൻ പരിതഃസ്ഥിതി പ്രതികൂലമായിക്കണ്ടപ്പോൾ ഞാൻ തേവര സേക്രഡ് ഹാർട്ട്സ് ഹൈസ്കൂളിലേക്കു മാറിപ്പോവുകയാണുണ്ടായതു്. ആ ഉദ്യോഗലബ്ധിയിൽ സഹായഹസ്തംനീട്ടി എന്നെ അനുഗ്രഹിച്ചതു് സ്കൂറിയാച്ചന്റെ സഹോദരനായ പെ. ബ. അർസേനിയൂസച്ചനായിരുന്നു. ഇങ്ങനെ ജ്യേഷ്ഠാനുജന്മാരുടെ സൗമനസ്യസഹായങ്ങളാൽ എനിക്കു് ജോലിക്കായ്ത്തിൽ ഒരുപോലെ സിദ്ധിച്ചിട്ടുണ്ടെന്നു വസ്തുതയും ഈ സന്ദർഭത്തിൽ വ്യക്തമാക്കിക്കൊള്ളട്ടെ. എന്നെ മാത്രമല്ല പൗലോസിനേയും ബ. സ്കൂറിയാച്ചൻ യഥാവസരം സഹായിച്ചിട്ടുണ്ടു്. ഞങ്ങൾക്കു് അദ്ദേഹം ചെയ്തുതന്നിട്ടുള്ള ഉപകാരങ്ങളെ വിവരിക്കുവാൻ ഈയവസരം വിനിയോഗിക്കുന്നില്ല.

മഹാ പ്രതിഭാശാലികളെപ്പോലും സാഹചര്യങ്ങളാണല്ലോ പലപ്പോഴും സമുന്നതസ്ഥാനങ്ങളിൽ പ്രതിഷ്ഠിക്കാറുള്ളതു്. അവർ അലങ്കരിക്കുന്ന ഭദ്രാസനങ്ങളിലേക്കു് അവരെ എത്തിക്കുവാൻ ചുറുചുറുക്കുകളും വലിയൊരുപങ്കു വഹിച്ചിട്ടുണ്ടാവണം. അതുപോലെതന്നെ സ്വന്തം വ്യക്തിത്വവിശേഷം പ്രദർശിപ്പിക്കുവാൻ അനുയോജ്യമായ രംഗങ്ങളും അവക്കാവശ്യമായിത്തീർന്നിരിക്കണം. തദ്ഭാവത്തിൽ അവർ വനകുസുമങ്ങൾപോലെ അഗണ്യകോടിയിൽ തള്ളപ്പെട്ടുപോകുന്നു. സ്വന്തം കഴിവുകാണിക്കാനവസരം കിട്ടാതെ ഘടദീപങ്ങളായി കഴിയേണ്ടിവരുന്ന പ്രഗത്ഭമതികളും ചുരുക്കമല്ല. നേരേമറിച്ചു്, അപ്രഗത്ഭമതികളും അലസശീലരുമായ മറ്റു



Very Rev. Fr. Arsenius, C.M.I.

(ഈ ബിലേറിയന്റെ കനിഷ്ഠ സഹോദരൻ.)

ചിലകൂട്ടർ "തലയിൽ കെട്ടിവയ്ക്കു"പ്പെട്ട—അനഹ്മായ പ്രതാപവുമേന്തി നേതൃമാനികളായി ഭാഗ്യസൗധത്തിലേറി വാഴുന്നതും നാം കാണുന്നുണ്ട്. ചുറുപാട്ടുകളും കെട്ടുപാട്ടുകളുമാണ് അക്കൂട്ടരെ അത്തരം വൻനിലകളിൽ കൊണ്ടുപോയി വിടാറുള്ളതു്. ഇപ്രകാരം പ്രസിദ്ധരോ അപ്രസിദ്ധരോ ആയ അനേകം വ്യക്തികൾ ഭരണവലയത്തിനകത്തും പുറത്തും വ്യാപരിക്കുന്നതായി കാണുന്നുണ്ട്. വിഭിന്നങ്ങളായ പ്രസ്തുത കമ്മവേദികളിൽ നമ്മുടെ കഥാപുരുഷൻ ഏതു പദവിയിലാണ് പ്രതിഷ്ഠിതനാകേണ്ടതു് എന്നു നിർണ്ണയിക്കുവാൻ അദ്ദേഹത്തിന്റെ വ്യക്തിമുദ്രകൾ തന്നെ മതിയായ മാനദണ്ഡങ്ങളാകുന്നു.

ജൂബിലേറിയന്റെ വൈദികജീവിതം സർവ്വത്ര അനുമോദനത്തേയും, ആശംസയേയും അർഹിക്കുന്നു ഒന്നുതന്നെ. ഇത്തരമൊരുൽകൃഷ്ട വ്യക്തിയുടെ പൗരോഹിത്യ സുവർണ്ണജൂബിലി മഹാമഹം ഇടവകക്കാരാലും കുടുംബാംഗങ്ങളാലും സമാഘോഷിക്കപ്പെടുന്ന ഒരു സുദിനത്തിൽ ഇങ്ങനെയൊരുപഹാരം അദ്ദേഹത്തിനു സമർപ്പിക്കുവാൻ സാധിച്ചതും ഞങ്ങൾ മഹാഭാഗ്യമായിത്തന്നെ കരുതുന്നു. അതിനു അനുമതിതന്ന ആ ഉദാരമതിയുടെ നേരെ ലേഖകനുമാക്കുള്ള തീർക്കാനാവാത്ത കടപ്പാടിന്റെ ഒരു ബാഹ്യചിഹ്നമായിട്ടേ ഈ വിനീതമായ സ്മരണോപഹാരം പരിഗണിക്കപ്പെടേണ്ടതുള്ളൂ. ജൂബിലിദിവസംതന്നെ സമർപ്പിതമായിട്ടുള്ള ഇതിന്റെ കയ്യെഴുത്തുപ്രതി മുദ്രിതരൂപത്തിലാക്കുവാൻ അല്പം വൈകിപ്പോയി.

സാധാരണ ജീവിതചരിത്രങ്ങൾ വ്യക്തികളുടെ കാലശേഷമാണ് എഴുതുക പതിവു്. അതിൽ ചിലതത്ഥങ്ങൾ അടങ്ങിയിട്ടില്ലെന്നില്ല. വിജയാപജയങ്ങൾ ആദ്യ

വസാനം കണ്ടാലല്ലേ ജീവിതത്തിന്റെ ഒരു സമഗ്രരൂപം നിർണ്ണയിക്കുവാൻ സാധിക്കുകയുള്ളൂ. ഈ വസ്തുതയുടെ അടിസ്ഥാനത്തിൽ ഞങ്ങളുടെ ഉദ്യമത്തിനു കുറച്ചൊരു അനൗചിത്യം ആരോപിക്കപ്പെടാം. എന്നാൽ, ഭരണത്തിൽനിന്നു പ്രാർത്ഥനയിലേക്കു പരിപൂർണ്ണമായി തിരിഞ്ഞിരിക്കുന്ന ഈ വന്ദ്യവയോധികന്റെ ജീവിതസായാഹ്നത്തിൽ, സമാധാനത്തിന്റേയും സ്നേഹതിന്റേയും സ്വർഗ്ഗീയസന്ദേശങ്ങളല്ലാതെ മറ്റെന്താണ് കേൾക്കാനിടയാവുക? അങ്ങിനെ ചിന്തിക്കുമ്പോൾ പൂർവ്വപക്ഷത്തിനു പ്രസക്തി കുറയുമല്ലോ.

വസ്തുനിഷ്ഠമായ രീതിയിലാണ് ഇതിലെ ചരിത്രാംശം നിബന്ധിച്ചിട്ടുള്ളതു്. ചമൽക്കാരത്തിനുവേണ്ടി കൃത്രിമമായോ അന്യുക്തിപരമായോ യാതൊരു പ്രതിപാദനത്തിനും ഞങ്ങൾ ഇതിൽ മുതിർന്നിട്ടില്ല. ജൂബിലേറിയന്റെ പരിചയസീമയിൽപ്പെട്ട വ്യക്തികളിൽ പലർക്കും ഞങ്ങളുടേതിനേക്കാൾ അഗാധങ്ങളും ഹൃദ്യങ്ങളുമായ പല സ്മരണകളും അയവിറക്കാനുണ്ടാകും. അവയെല്ലാം സൂക്ഷ്മാംശംവരെ അന്വേഷിച്ചറിഞ്ഞു് സമഗ്രമായ ഒരു ജീവചരിത്രനിർമ്മാണം സാധിക്കുന്നതിനും ഞങ്ങളൊരുങ്ങിയിട്ടില്ല. അനായാസലബ്ധമായ ചില വിവരങ്ങൾ ക്രോഡീകരിച്ചു് സ്മരണീയ പുരുഷന്റെ സ്വഭാവവൈശിഷ്ട്യത്തിലേക്കു ശ്രദ്ധയെത്തിനോക്കുന്നതിനു മാത്രമേ ഈ ഓർമ്മക്കുറിപ്പുകളിൽ തരമായിട്ടുള്ളൂ. ഒരു ജീവചരിത്രസൂചിക എന്ന നിലയിൽ ഈ ലഘുഗ്രന്ഥത്തിനുള്ള പോരായ്മകളെക്കുറിച്ചു് ഞങ്ങൾതന്നെ ഏറെക്കുറെ ബോധവാന്മാരാണ്.

വള്ളുവള്ളി
3 ജൂലൈ 1959

എം. ഒ. ജോസഫ്



ജൂബിലേറിയന്റെ വാദ്ധ്യമാതാവ്

സ്മരണോപഹാരം

പെരിയാറിൻകരയിൽ ചരിത്രപ്രസിദ്ധമായ കാലടിക്കടുത്തുള്ള വെള്ളാരപ്പിള്ളി എന്ന ദേശം പ്രകൃതിരമണീയമായ ഒരു സുഖവാസസ്ഥലമാകുന്നു. മാത്രമല്ല, സുപ്രസിദ്ധരായ പല വിശിഷ്ടവ്യക്തികളുടേയും ജന്മദേശവുമാണത്. കൊച്ചി മഹാരാജാക്കന്മാരുടെ കൊട്ടാരങ്ങളാലും പുരാതനങ്ങളായ മനകളാലും ആ ഭ്രഭാഗം ഇന്നും പ്രാധാന്യമർഹിക്കുന്നു. ഐശ്വര്യസമൃദ്ധവും സുറിയാനിക്രിസ്ത്യാനികളുടെ ആവാസകേന്ദ്രവുമായ കാഞ്ഞൂർ ഫൊറോനാപ്പള്ളി ഇടവകയും ഇവിടെത്തന്നെയാണ്. ഈ പള്ളിയുടെ പരിസരഭാഗത്തു് പാരമ്പര്യമഹിമയും ധനാഢ്യതയുംകൊണ്ടു് പ്രശസ്തമായ 'പാറയ്ക്കൽ' തറവാട്ട് പരിശോഭിക്കുന്നു. ഈ കുടുംബം പുരാതനകാലത്തു് അങ്കമാലിയിൽനിന്നു കാഞ്ഞൂർ വന്നു ചേർന്നതാണെന്നും മൂലകുടുംബം യൂദായിൽനിന്നു് ക്നായിതോമയാൽ കൊടുങ്ങല്ലൂരിൽ കൊണ്ടുവരപ്പെട്ട മുന്നൂറു സുറിയാനിക്കുടുംബങ്ങളിൽ ഉൾപ്പെട്ടതാണെന്നും ഐതിഹ്യമുണ്ടു്. ഇങ്ങനെ എല്ലാവിധത്തിലും പ്രശസ്തിപെറ്റ പാറയ്ക്കത്തറവാട്ടിൽ 1881 സെപ്തംബർ 22-ാം തീയതി നമ്മുടെ ചരിത്രപുരുഷൻ 'റവ. ഫാ. സക്കറിയാസ്' ഭ്രജാതനായി. പിതാവു് ഒരുത്തമ കത്തോലിക്കനും നല്ലൊരു കർഷകനുമായ ശ്രീ. അന്തോണി അവർകളായിരുന്നു. 'ചെറുച്ചി' എന്നു വിളിച്ചുപോന്നിരുന്ന ത്രേസ്യയായിരുന്നു സ്മര്യപുരുഷന്റെ ഭാഗ്യവതിയായ മാതാവു്. പുരാതന തിരുവിതാംകൂർ മഹാരാജാക്കന്മാരുടെ സവിശേഷ പ്രീതിയും സ്ഥാനമാനങ്ങളും കനകദണ്ഡം തുട

ങ്ങിയ സമ്മാനമുദ്രകളും കരസ്ഥമാക്കിയ വീരശ്രീ മാത്തുത്തരകനെപ്പറ്റി കേൾക്കാത്ത കേരളീയർ കാണുകയില്ലല്ലോ. ആ സമുദായനേതാവിനും അതുപോലെതന്നെ സുപ്രസിദ്ധരായ മറ്റനേകം വിശിഷ്ടവ്യക്തികൾക്കും ജന്മമരുളിയ കൃത്യതോട്ടിലെ 'തച്ചിൽ' കുടുംബത്തിലാണ് ശ്രീമതി ത്രേസ്യ ജനിച്ചതു്. വിനീതയും ഭക്തയുമായ ഈ ഗൃഹനായികയ്ക്ക് ഭർത്താവുമൊരുമിച്ച് ദീർഘകാലം കുടുംബജീവിതം നയിക്കുവാൻ സംഗതിയായില്ല. അഞ്ചു സന്താനങ്ങളുടെ മാതാവായിക്കഴിഞ്ഞതോടെ അവർ വിധവയായിത്തീർന്നു. എങ്കിലും സപുത്രപൗത്രാദികളുടെ ഭാവിശ്രേയസ്സിനു തുല്യം നല്കുവാനും അതിന്റെ സാഫല്യംകണ്ടു സംതൃപ്തിയടയുവാനും ആ സുചരിതയ്ക്കു ഭാഗ്യമുണ്ടായി.

ഈ മാതൃകാദമ്പതിമാരുടെ സീമന്തപുത്രനായിരുന്ന 1957 ഒക്ടോബർ 12-ാംതീയതി നിര്യാതനായ ശ്രീ. ദേവസ്സി പാറയ്ക്കൽ അവർകളാണ്. പൊതുജനോപകാരി, പരിശ്രമശാലി, കർഷകപ്രമുഖൻ എന്നിങ്ങനെ വിവിധനിലകളിൽ പ്രശസ്തി സമ്പാദിച്ച ഒരു മാന്യനായിരുന്ന ശ്രീ. ദേവസ്സി. അദ്ദേഹത്തെ സ്മരിക്കുമ്പോൾ

> "നീണ്ടുള്ളകൈ, നീരുജലോഹകായ-
> മുദ്ഗാഢമായുദ്ധതമായനോട്ടം
> അത്യന്തസാധാരണമായവേഷ-
> മഹോ! ഗൃഹസ്ഥൻ ബഹുധീരശാന്തൻ."

എന്ന കവിവാക്യം ഓർമ്മിച്ചുപോകാറുണ്ട്. അടുത്ത സഹോദരനാണ് ഈ സ്മരണാഞ്ജലിയാൽ പൂജാർഹനായ ബ. സ്കറിയാച്ചൻ. ആൺമക്കളിൽ മൂന്നാമനും അത്യുദാരമതിയുമായിരുന്ന ശ്രീ. തരിയത്തു് കുറേക്കൊല്ലങ്ങൾ



ശ്രീമതി അച്ചുമ്മറിയം

(ജ്ഞാനപീഠ ജേതാവ് എസ്. കെ. പൊറ്റെക്കാടിന്റെ ഏകസഹോദരി)

ക്ക മുൻപു് പരേതനായി. കനിഷ്ഠസഹോദരൻ പൗലോസ് കൊവേന്തപ്പട്ടക്കാരനായി 'അർസേനിയോസ്' എന്ന പേരിൽ അറിയപ്പെട്ടന്നു. പല കൊവേന്തകളുടേയും പ്രിയോരായും 'പ്രിയോർ' ജനറാളിന്റെ ആലോചനാസംഘത്തിലെ ഒരു പ്രധാനാംഗമായും പ്രശസ്തസേവനമനുഷ്ഠിച്ചിട്ടുള്ള ആ വന്ദ്യവൈദികൻ ഇപ്പോൾ വാഴക്കുളം കൊവേന്തയുടെ ഭരണാധികാരിയായി സേവനമനുഷ്ഠിക്കുകയാണ്. ഈ നാലുപേരിലും മൂത്ത ഏക സഹോദരിയാണ് ശ്രീമതി 'അച്ചുമ്മറിയം'. ഇവരെ എടാട്ടുദേശത്തു് വടക്കുഞ്ചേരി കുടുംബത്തിലെ ഒരു പ്രമുഖാംഗമായ ശ്രീ. കുഞ്ഞുവറിയ്ക കുഞ്ഞിച്ചെറിയയാണ് വിവാഹം ചെയ്തിരിക്കുന്നതു്. പ്രിയപ്പെട്ട സഹോദരന്റെ സുവർണ്ണ ജൂബിലി മഹാമഹത്തിൽ സംബന്ധിക്കുവാനുള്ള ഭാഗ്യം സിദ്ധിച്ച ആ ഭർത്തൃമതി, പുത്രപൗത്രാദികളോടുകൂടി കുലീനമായ വടക്കുഞ്ചേരി കുടുംബത്തിൽ സസുഖം ജീവിച്ചുപോരുന്നു.

സാന്ദർഭികമായി പരാമർശിക്കേണ്ടിവന്ന കുടുംബചരിത്രത്തെവിട്ട് ഇനി ജൂബിലേറിയന്റെ ജീവിതസരണിയിലേക്കു തിരിയാം. കഥാപുരുഷന്റെ ബാല്യവിദ്യാഭ്യാസം ജന്മദേശത്തുതന്നെയാണ് നിർവ്വഹിക്കപ്പെട്ടതു്. ഇന്നത്തെ പ്രാഥമിക വിദ്യാലയങ്ങളുടെ സ്ഥാനം കുടിപ്പള്ളിക്കൂടങ്ങൾക്കായിരുന്ന അന്നു്. ഭാഷയും കണക്കും മാത്രമായിരുന്ന അക്കാലത്തെ പ്രബോധനവിഷയങ്ങൾ. ഇന്നു കലാലയങ്ങളും ഹൈസ്കൂളുകളും കൊണ്ടു നിറഞ്ഞിരിക്കുന്ന സമീപസ്ഥമായ ആലുവായിൽപ്പോലും അന്നുണ്ടായിരുന്നതു്, ഒരു സർക്കാർ 7-ാം ക്ലാസ് (മലയാളം) പള്ളിക്കൂടം മാത്രമായിരുന്നു. ഈ പരിതഃസ്ഥിതിയിൽ മിക്കവരും കളരികളെത്തന്നെ ആശ്രയിക്കേണ്ടി

വന്നിരുന്നു. കണക്കിൽ അതിനിപുണനായ ഒരു നീലകണ്ഠൻ കത്താവായിരുന്നു അന്നത്തെ ആശാന്മാരിൽ തലവൻ. കത്താവിന്റെ കീഴിൽ നമ്മുടെ ബാലനായ സ്ഥിരിയാ നാലുകൊല്ലം പഠിച്ചു. വത്സലശിഷ്യനിൽ പ്രത്യക്ഷപ്പെട്ടിരുന്ന വാസനാവിശേഷങ്ങളെ ഗുരുനാഥനും പരിപോഷിപ്പിക്കാതിരുന്നില്ല. മരവും ആശാരിയും നന്നായാൽ അതിൽനിന്നു രൂപം പ്രാപിക്കുന്ന ശില്പവിശേഷം കാണികൾക്ക് കൗതുകകരമായിത്തീരാതിരിക്കയില്ലല്ലോ.

പ്രൈമറി വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം, ഉദ്ദേശം 70 കൊല്ലങ്ങൾക്കു മുൻപു്—ഇന്നത്തെപ്പോലെ സ്കൂളുകൾ സുലഭമല്ലാതിരുന്നതുകൊണ്ടു്, നമ്മുടെ ബാലൻ ഇംഗ്ലീഷു പഠിക്കുന്നതിനുവേണ്ടി തൃശ്ശൂർ പട്ടണത്തിലേക്കു പോകേണ്ടിവന്നു. സെക്കൻറ് ക്ലാസ്സു മുതൽ ഫോർത്തു ക്ലാസ്സുവരെ പഠിച്ചു് സർക്കാർ പരീക്ഷയിൽ ഒന്നാമനായി ജയിച്ചു. തേഡ് ഫോറം കഴിയുന്നതുവരെ അവിടെത്തന്നെയാണു് പഠനം തുടർന്നതു്. തേഡ് ഫോറത്തിലും കഥാപുരുഷൻ പ്രശസ്തമായ വിജയം കരസ്ഥമാക്കി.

തൃശ്ശൂർ സെൻറു് തോമസ് സ്കൂളിൽ പഠിച്ചിരുന്ന കാലത്തു് തൻറെ ധിഷണാവൈഭവം കൊണ്ടു് ഗുരുജനങ്ങളുടേയും സതീർത്ഥ്യരുടേയും സ്നേഹാദരങ്ങളെ പ്രസ്തുത വിദ്യാർത്ഥി സവിശേഷം സമാർജ്ജിച്ചുകൊണ്ടിരുന്നു. കട്ടിക്കാലത്തിൻറെ പ്രസരിപ്പിനേയും പ്രാപ്തിയേയും പ്രദർശിപ്പിക്കുവാൻ കിട്ടിയിരുന്ന ഏതൊരു രംഗവും ഈ പ്രതിഭാസമ്പന്നൻ പാഴാക്കിയിരുന്നില്ല. പ്രത്യേകാവസരങ്ങളിൽ ബുദ്ധിപരമായി നിർവ്വഹിക്കപ്പെടേണ്ടിവരുന്ന

ഏതൊരു ചുമതലയും വിദ്യാർത്ഥിയായ സ്ഥിയായിലാണ് ഭാരവാഹികൾ നിക്ഷേപിച്ചുവന്നത്. അവയെല്ലാം പ്രശംസാർഹമായവിധത്തിൽ നടത്തുവാൻ ഈ ശിഷ്യോത്തമനു സാധിച്ചിരുന്നു. വ്യാകരണത്തിലും ഗണിതശാസ്ത്രത്തിലും അക്കാലം മുതൽക്കുതന്നെ അസാധാരണമായ അഭിരുചിയും സാമർത്ഥ്യവും പ്രത്യുൽപന്നമതിയായ ഈ വിദ്യാർത്ഥി പ്രകടമാക്കിയിരുന്നു.

സെൻറ് തോമസ് ഇംഗ്ലീഷ് സ്കൂളിൽനിന്നും മൂന്നാംഫാറം ജയിച്ചശേഷമുള്ള വിദ്യാഭ്യാസം എറണാകുളം സെൻറ് ആൽബർട്ട്സ് ഹൈസ്കൂളിൽ ചേർന്നാണ് തുടർന്നുപോന്നത്. അവിടെവച്ച് ശാസ്ത്രീയവിഷയങ്ങളിൽ സാമർത്ഥ്യം തെളിയിക്കുന്നതിനു പറ്റിയ സന്ദർഭങ്ങളെല്ലാം സഫലമാക്കുവാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. എന്നാൽ കലകളിലും ചരിത്രവിഷയത്തിലും കഥാപുരുഷനു പറയത്തക്ക വാസന ഉണ്ടായിരുന്നില്ല. "ഭിന്നരുചിർഹിലോകഃ" എന്നാണല്ലോ പ്രമാണം.

അഞ്ചാം ഫാറം ജയിച്ചതോടുകൂടി, 1901 ഡിസംബറിൽ ഹൈസ്കൂൾ വിദ്യാഭ്യാസം മതിയാക്കി, വൈദികാഭ്യസനത്തിലേക്ക് തിരിയുവാനാണ് കഥാപുരുഷൻ ആഗ്രഹിച്ചത്. അദ്ധ്യാത്മപരവും പരമപാവനവുമായ പൗരോഹിത്യപഠനത്തിലേർപ്പെടുവാനുണ്ടായ പരിതഃസ്ഥിതികളുടെ പ്രത്യേകതയെപ്പറ്റി ബഃ സ്ഥിയാച്ചൻ ഇന്ന് ഓർക്കുന്നത് ഒരു കായ്യം മാത്രമാണ്. അക്കാലത്ത് എറണാകുളം മെത്രാസനം അലങ്കരിച്ചിരുന്നത് 'മാർ ലൂയീസ്' തിരുമേനിയായിരുന്നു. ഈ യുവാവിനു ആ വൈദികാധ്യക്ഷൻ നൽകിയ സന്ദർശനാവസരങ്ങളും അപ്പോഴെല്ലാം നടന്നിട്ടുള്ള സംഭാഷണങ്ങളും പ്രത്യേകം

പ്രസ്താവ്യങ്ങളത്രെ. അവയിൽനിന്നും സംജാതമായ ആത്മപ്രചോദനം ക്രമേണ മനസ്സിനെ വൈദികപഠനത്തിലേക്കു തിരിച്ചുവിടുകയാണുണ്ടായതു്. അങ്ങിനെ കാലാനുക്രമത്തിൽ, 1902 ജനുവരി 1-ാംതീയതി, അദ്ദേഹം പുത്തൻപള്ളി സെമ്മിനാരിയിൽചേർന്ന് വേദാദ്ധ്യയനം തുടങ്ങി.

അക്കാലത്തെല്ലാം തനിക്കു ധനസഹായം ചെയ്തുപോന്നിട്ടുള്ള ജ്യേഷ്ഠസഹോദരനെക്കുറിച്ച് കൃതജ്ഞതാപുരസ്സരം കഥാപുരുഷൻ പറയാറുള്ളതും ഇത്തരുണത്തിൽ സ്മരണീയമാകുന്നു. സ്വപിതാവിന്റെ അകാലചരമം കുടുംബത്തെ സാമ്പത്തികമായി വല്ലാതെ വിഷമിപ്പിച്ചിരുന്നു. കുട്ടികളുടെ വിദ്യാഭ്യാസം, കുടുംബസംരക്ഷണം മുതലായ ഗുരുതരഭാരങ്ങളെല്ലാം ജ്യേഷ്ഠനായ ശ്രീ. ദേവസ്സി അവർകളുടെ ചുമലിലാണ് വന്നുകൂടിയതു്. പിതൃനഷ്ടത്തിന്റെ കുറവറിയിക്കാതെ സകലകാര്യങ്ങളും, പ്രത്യേകിച്ച് അനുജന്റെ വിദ്യാഭ്യാസച്ചെലവുകളും, അത്യദ്ധ്വാനവും കൃത്യനിഷ്ഠയുംകൊണ്ട് അദ്ദേഹം നിർവ്വഹിച്ചുപോന്നു. മാത്രമല്ല, ഇന്ന് ആ കുടുംബത്തിനു കൈവന്നിരിക്കുന്ന സാമ്പത്തികാഭിവൃദ്ധിക്കു് അസ്തിവാരം ഉറപ്പിച്ചതും ആ കർമ്മധീരനത്രെ. പിതാവിന്റെ തിരോധാനത്തിൽ, ഇതുപോലെ യോഗ്യനായ ഒരു ജ്യേഷ്ഠൻ ഇല്ലായിരുന്നുവെങ്കിൽ, തനിക്കീ സ്ഥാനത്തെത്തുവാൻ സാധിക്കുമായിരുന്നില്ലെന്നാണ് കഥാപുരുഷന്റെ വിശ്വാസം.

"ജ്യേഷ്ഠശ്രേഷ്ഠം കുലേലോകേ" എന്നുള്ള കവിവാക്യം ഇവിടെ അനുചർത്ഥമായിതന്നെയാകുന്നു. ഭാരിച്ച കുടുംബ



ശ്രീ. ദേവസ്സി പാറയ്ക്കൽ

(ജ്ഞാനിലേറിയന്റെ ജ്യേഷ്ഠസഹോദരൻ.)

"സോത്സാഹസ്യഹിലോകേ/സ്മിൻ
നകിഞ്ചിദപി ദുഷ്കരം"

(ഉത്സാഹമുള്ളവന് ഈ ലോകത്തിൽ പ്രയാസമായിട്ടൊരു കാര്യവുമില്ല.) എന്ന ആപ്തവചനത്തിന്റെ അനവത്ഥത അദ്ധ്യയനകാലം മുതൽക്കേ അദ്ദേഹത്തിൽ തെളിഞ്ഞുകാണാമായിരുന്നു.

കഥാപുരുഷന്റെ ജീവിതത്തിൽ കനകലിപികളാൽ രേഖപ്പെടുത്തേണ്ട ഒരു ശുഭദിനമാണ് 1908 ഡിസംബർ 26-ാം തീയതി. അതേ, അന്നാണ് അദ്ദേഹം ദിവ്യമായ ഗുരുപ്പട്ടം സ്വീകരിച്ചത്. തുടന്ന് 29-ാം തീയതി നവപൂജയും അപ്പിച്ചു. ത്യാഗത്തിന്റെ ബലിപീഠമായ കുരിശിൽ സ്വപ്രാണാപ്പണം ചെയ്ത മഹാപുരോഹിതനായ ക്രിസ്തുനാഥന്റെ അനന്തരഗാമികളെന്ന നിലയിൽ പുരോഹിതന്മാരാൽ ആവത്തിക്കപ്പെടുന്ന ആ ദിവ്യബലി, ബ. സ്കറിയാച്ചൻ ആദ്യമായി സമർപ്പണം ചെയ്ത സുദിനം ഉദയം ചെയ്തത്, ഇന്നേയ്ക്ക് അര ശതാബ്ദം മുമ്പായിരുന്നു എന്നുള്ളതും, അന്നുമുതൽ ഇന്നുവരെ അത് അഭംഗുരമായി നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതും, അദ്ദേഹത്തിനും കുടുംബാംഗങ്ങൾക്കും ബന്ധുമിത്രാദികൾക്കും എത്രമാത്രം ചാരിതാർത്ഥ്യജനകമായിരിക്കുമെന്ന് പറയേണ്ടതില്ലല്ലോ. അന്ന് പുത്തൻപള്ളി സെമ്മിനാരിയിൽനിന്ന് നവപൂജാപ്പണം കഴിച്ച് ആത്മീയശുശ്രൂഷയ്ക്കിറങ്ങിയ എറണാകുളം അതിരൂപതയിലെ അഞ്ചു വൈദികരിൽ നമ്മുടെ ജൂബിലേറിയനും, ഒരുമിച്ച് ഗുരുപ്പട്ടം സ്വീകരിച്ചവരിൽ ചങ്ങനാശേരി ഇടവകക്കാരനായ റവ. ഫാദർ മാത്യു തെക്കേമാളിയെക്കും മാത്രമേ ഇന്നു ജീവിച്ചിരിപ്പുള്ളൂ എന്ന വസ്തുതയും പ്രസ്താവ്യമത്രെ.



ജൂബിലേറിയൻ നവവൈദികനായിരിക്കുമ്പോൾ

ബ. സ്കറിയാച്ചന്റെ ജീവിതത്തിൽ അതിപ്രധാനമായ ഘട്ടം വൈദിക സേവനകാലമത്രെ. സുദീർഘവും കർത്തവ്യനിബിഡവുമാണത്. 1909 ഫെബ്രുവരി 13–ാം തീയതിയാണ് അദ്ദേഹം ഇടവക ഭരണത്തിലേക്ക് ആദ്യമായി കാലൂന്നിയത്. അതിനു കളമൊരുക്കിയ പ്രഥമരംഗം പറവൂർ കോട്ടക്കാവുപള്ളിയിലെ അസിസ്റ്റൻറു സ്ഥാനമായിരുന്നു. അക്കാലത്തു പ്രസ്തുത ദേവാലയത്തിന്റെ വികാരിയായിരുന്നത് ഫാദർ പോൾ ഏ. ജോജ്ജ് എന്ന അപരനാമത്താൽ അറിയപ്പെട്ടിരുന്ന എളങ്കുന്നപ്പുഴ ബ. പൗലോസച്ചനായിരുന്നു. ഇരുവരും പിൽക്കാലത്തു പറവൂർ കോട്ടക്കാവുപള്ളി ഇടവകക്കുരുടേയും നാട്ടുകാരുടേയും സ്നേഹസമന്വിതമായ അനുസ്മരണകൾക്ക് അർഹന്മാരായി ശ്രേഷ്ഠസേവനം അനുഷ്ഠിച്ചവരാകുന്നു. ഈ രണ്ടു മഹാശയന്മാരും കോട്ടക്കാവുപള്ളിയിൽത്തന്നെ ഏറെക്കാലത്തേക്ക് നിയോഗിക്കപ്പെട്ടതിൽ പരോക്ഷമായ എന്തോ ദൈവികരഹസ്യങ്ങൾ അന്തർഭവിച്ചിരുന്നുവെന്നാണ് അവരുടെ സേവനചരിത്രം വെളിപ്പെടുത്തുന്നത്. ആ കർമ്മകുശലന്മാരുടെ സാന്നിദ്ധ്യം ഇല്ലായിരുന്നുവെങ്കിൽ ഇന്നവിടെ പണിതീർന്നുകാണുന്ന ദേവാലയം എങ്ങിനെ രൂപം കൊള്ളുമായിരുന്നെന്ന് ഊഹിക്കുവാൻപോലും നിവൃത്തിയില്ല. കാലം അതിനേറെതായ കടമകൾ നിർവ്വഹിക്കുന്നതിന് ഒരിക്കലും വിമുഖത കാണിക്കാറില്ലല്ലോ.

ഏതാണ്ടു രണ്ടു കൊല്ലക്കാലമേ ബ. സ്കറിയാച്ചൻ കോട്ടക്കാവുപള്ളിയിൽ അസ്സേന്തിയായിരുന്നുള്ളൂ. എങ്കിലും പ്രസ്തുത പള്ളിയുടെ ചരിത്രത്തിൽ അവിസ്മരണീയമായ ഒരദ്ധ്യായം എഴുതിച്ചേർക്കപ്പെട്ടതു പിൽക്കാല

ത്തു വികാരിയായി വന്ന ഇട്ടേഹത്താൽ തന്നെയാണെന്നു് പിന്നാലെ വിശദമാകും.

1911 ജൂൺ 28-ാം തീയതി, കറുപ്പംപടി ഇടവകക്കാരാണു്, ഈ നവവൈദികനെ വികാരി എന്ന നിലയിൽ ആദ്യമായി സ്വീകരിച്ചതു്. അഭിനന്ദനാർഹമായ നിലയിൽ ആ പള്ളിഭരണം അദ്ദേഹം നിർവ്വഹിച്ചു.

1912 ഒക്ടോബർ 31-ാം തീയതി കാരക്കുന്നത്തേക്കും, അവിടെനിന്നും 1916 ഏപ്രിൽ 8-ാം തീയതി മൈലക്കൊമ്പിലേക്കും അദ്ദേഹം സ്ഥലം മാറുകയുണ്ടായി. ഓരോ ഇടവകയിലും അനുഷ്ഠിക്കപ്പെട്ട സേവനം അത്യന്തം സ്തുത്യർഹമായിരുന്നു. ആ ഇടവകക്കാർ ബ. അച്ചനെ ഇന്നും സ്നേഹാദരങ്ങളോടെ സ്മരിക്കാറുണ്ടു്.

"വിളക്കു കൈവശമുള്ളവനെങ്ങും
വിശ്വം ദീപമയം" എന്നുണ്ടല്ലൊ.

അനന്തരം 1920 ജൂൺ 6-ാം തീയതി കൊരട്ടിപ്പള്ളിയിൽ ആരംഭിച്ച ഭരണം, 1921 ഏപ്രിൽ 21-ാം തീയതിയോടുകൂടി അവസാനിച്ചു. അതിനു ശേഷമാണു്, പറവൂർ കോട്ടക്കാവുപള്ളി വികാരിയായി അദ്ദേഹം നിയമിതനായതു്. സ്വചരിത്രത്തിലെ സ്മരണീയവും സംഭവബഹുലവുമായ ജീവിതാദ്ധ്യായങ്ങൾ ആരംഭിക്കുന്നതും അന്നുമുതൽക്കാണു്. അദ്ദേഹത്തിന്റെ വ്യക്തിമാഹാത്മ്യവും ആദർശനിഷ്ഠയും അടുത്തറിഞ്ഞു് പഠിക്കുവാനും പരിചയിക്കുവാനും ഈ ലേഖകനുമാകട്ടെ അവസരവും ഭാഗ്യവും സിദ്ധിച്ചതും ആ കാലഘട്ടത്തിലത്രെ.

ചരിത്രപുരുഷന്റെ ജീവിതത്തിൽ അതിപ്രധാനമായ ഭാഗം അടങ്ങിയിരിക്കുന്നതു് കോട്ടയ്ക്കാവുപള്ളിയുടെ ഭരണചരിത്രത്തിലാണെന്നു് സൂചിപ്പിച്ചുവ

ല്ലോ. എറണാകുളം അതിരൂപതയിലെ മികച്ച ഫൊറോനാപ്പള്ളികളിൽ ഒന്നാണ് പ്രസ്തുത ദേവാലയം. സമ്പത്തുകൊണ്ടും പുരാതനത്വംകൊണ്ടും ആദ്ധ്യയനാലയങ്ങളുടേയും അഭ്യസ്തവിദ്യരുടേയും ആധിക്യംകൊണ്ടും പ്രസ്തുത ഇടവക പ്രഖ്യാതമത്രേ. വിപുലമായ ആ ഇടവകയുടെ ഭരണഭാരം വിദഗ്ധഹസ്തങ്ങളിൽ ഏൽപ്പിക്കുകയായിരുന്നു, ബ. സ്കറിയാച്ചന്റെ നിയമനംകൊണ്ട് രൂപതാധികാരി ചെയ്തത്. ഒരു പന്തീരാണ്ടുകാലം പള്ളിക്കു താങ്ങും തണലുമായിനിന്നുകൊണ്ട് ആ കൃത്യം അദ്ദേഹം നിർവ്വഹിക്കുകയും ചെയ്തു. അക്കാലമത്രയും, സ്വയപുരുഷന്റെ വ്യക്തിപ്രഭാവത്തെ വെളിപ്പെടുത്തുന്ന സംഭവപരമ്പരകൊണ്ട് സങ്കീർണ്ണമായിരുന്നു. വളരെ ഭ്രസ്വത്തുണ്ടായിരുന്നെങ്കിലും, ജീർണഭാരത്താൽ ക്ലേശിച്ചിരുന്ന പ്രസ്തുത പള്ളിയുടെ ഭരണച്ചുമതല സ്തുത്യർഹമായി നിറവേറുക സുകരമായ ഒരു കാര്യമായിരുന്നില്ല. ആദ്ധ്യാത്മികമായും ഭൗതികമായും ഇടവകയെ പരിപാലിച്ചും പരിപോഷിപ്പിച്ചും പോരേണ്ടത് ഒരു വികാരിയുടെ അവശ്യകർത്തവ്യമാണല്ലൊ. ഓരോന്നിന്റെ നിർവ്വഹണത്തിലും അദ്ദേഹം അത്യന്തം മനസ്സിരുത്തിയിരുന്നു. സാമ്പത്തികമായ വിഷമപ്രശ്നങ്ങളോടു പൊരുതേണ്ടിയിരുന്നതിനാൽ ഭരണത്തിന്റെ സുഗമമായ നിർവ്വഹണത്തിന് അതീവത്യാഗവും ആത്മശക്തിയും അത്യന്താപേക്ഷിതങ്ങളായിരുന്നു. നാട്ടിൽ പൊതുവെ ക്ഷാമം ബാധിച്ച ഒരു കാലമായിരുന്നു അത്. വിദ്യാലയങ്ങളിലേക്കു അനുവദിക്കപ്പെട്ടിരുന്ന ഗ്രാന്റുപദ്ധതി അപര്യാപ്തമായിരുന്നതിനാൽ പള്ളിയിൽനിന്നും ഭീമമായ സംഖ്യ ചെലവിടേണ്ടിവന്നിരുന്നു. തന്റെ മുൻഗാമി ബ. പൗലോസച്ചൻ തുടങ്ങിവച്ച സ്കൂൾ കായ്ക്കൽ ശരിയായി നടത്തിക്കൊണ്ടുപോകുന്നതിനു പുറമെ, രണ്ടു

പുതിയ വിദ്യാലയങ്ങൾ കൂടി സ്ഥാപിച്ചു് ഇടവകയെ പൂർവ്വാധികം വിജ്ഞാനസമ്പന്നമാക്കുവാനും ആ ലക്ഷ്യത്തിൽത്തന്നെ അദ്ദേഹം ഉദ്യുക്തനായി. ഇന്നും ആ വിദ്യാമന്ദിരങ്ങൾ പ്രശസ്തമായി നടന്നുപോരുന്നുണ്ടു്.

പറവൂർ സെൻറ് അലോഷ്യസ് ഗേൾസ് ഹൈസ്കൂൾ കെട്ടിടം പണിയിച്ചതും, അതൊരു ഹൈസ്കൂളാക്കി ഉയർത്തിയതും ബ. സ്കറിയാച്ചനത്രെ. ആ വിദ്യാലയമിരിക്കുന്ന സ്ഥലമൊഴിപ്പിച്ചെടുക്കുന്നതിനും, അതിൻെറ പരിസരത്തിൽ ഒരു വിശാലമായ കളിസ്ഥലം സജ്ജമാക്കുന്നതിനും അദ്ദേഹം ചെയ്തിട്ടുള്ള അതിപ്രയത്നം മറക്കത്തക്കതല്ല. പറവൂർ കന്യകാമഠത്തിൻെറ മുൻവശത്തു കാണുന്ന സെൻറ് അലോഷ്യസ് പ്രൈമറി സ്കൂൾ ഈ വിദ്യാതൽപരൻെറ പ്രയത്നഫലമാണ്. അപ്പോഴപ്പോൾ പുറപ്പെടുന്ന വിഭിന്നരൂപങ്ങളായ അധികൃതശാസനങ്ങളെ ആദരിച്ചു പ്രവർത്തിക്കുന്ന കാര്യം അന്നത്തെ സ്കൂൾ മാനേജരന്മാർക്കു് അത്യന്തം ക്ലേശകരമായിരുന്നു. എങ്കിലും, ഏതൊരു സമുദായത്തിൻേറയും ഉൽക്ഷത്തിനുറവിടം വിദ്യാഭ്യാസമാണെന്നും "ജ്ഞാനമേവ മഹദ്ധനം" എന്നും നല്ലപോലെ ധരിച്ചിരുന്ന കഥാപുരുഷൻ, സ്വന്തം മന:ശക്തിയും അവസരോചിതമായ നയപരിപാടികളും കൊണ്ടു് തുഴഞ്ഞു് എല്ലാ പ്രതിബന്ധവൈതരണികളേയും കടന്നുപോകുവാൻ പ്രയാസം ഉണ്ടായിരുന്നില്ല. തൻെറ ഭരണത്തിനു വിധേയമായിരുന്ന വിദ്യാലയങ്ങളെല്ലാം യാതൊരു കോട്ടവും തട്ടാതെ അദ്ദേഹം പരിരക്ഷിച്ചുപോന്നു. ആ സ്ഥാപനങ്ങളിൽ അന്നു ജോലി ചെയ്തിരുന്ന അദ്ധ്യാപകരെല്ലാം അദ്ദേഹത്തിൻെറനേരെ അത്യന്തം സ്നേഹാദരങ്ങളോടുകൂടിയാണു് ഇന്നും വർത്തിക്കുന്നതു്. ദുർവ്വഹമായ സാമ്പത്തികവ്യയ



ജൂബിലേറിയൻ
പറവൂർ കോട്ടയ്ക്കാവുപള്ളി വികാരിയായിരിക്കുമ്പോൾ

ഭാരം താങ്ങിക്കൊണ്ട് ആറു വിദ്യാലയങ്ങളും ഒരേ മാനേ
ജ്മെൻറിൽ നടത്തിപ്പോന്നിരുന്ന വേറൊരു പള്ളി എ
റണാകുളം അതിരൂപതയിൽ അക്കാലത്തുണ്ടായിരുന്നില്ല.

കോട്ടയ്ക്കാവിടവകയുടെ അദ്ധ്യാത്മചൈതന്യം രൂ
പമെടുത്തതോ എന്നു തോന്നുമാറ്, ഇപ്പോൾ അവിടെ
ഉയർന്നുകാണുന്ന ദേവാലയത്തിൻെറ ഒരു പ്രധാനഭാഗം
വർണ്ണ്യപുരുഷൻെറ അക്ഷീണയത്നത്തിൻെറ ശാശ്വത
സ്മാരകമാകുന്നു. പുതിയ പള്ളിയുടെ പിന്നിൽ ജീർണ്ണാവ
സ്ഥയിൽ ഇപ്പോൾ കിടക്കുന്ന ദേവാലയമാണ്, പ്രസ്തുത
പുരോഹിതൻ പറവൂർ വികാരിയായി ചെല്ലുമ്പോൾ
ഉണ്ടായിരുന്നതു്. തൻെറ പൂർവ്വഗാമിയായ ബ: പൗലോ
സച്ചൻ ഇടവകയുടെ ആവശ്യത്തെ പുരസ്കരിച്ച്, ഭീമാ
കൃതിയിൽ കെട്ടിച്ചമച്ചിരുന്ന വിസ്തൃതമായ ഒരു കരിങ്ക
ൽത്തറ, കാണികളുടെ ഉൽകണ്ഠയേയും അനുകമ്പയേ
യും ഉണർത്തിക്കൊണ്ട് അതിൻെറ പുരോഭാഗത്തു സ്ഥി
തി ചെയ്തിരുന്നു. സമരരംഗത്തിൻെറ ദുരഭിഗമ്യതയെ
ശരിക്കു മനസ്സിലാക്കി, മുന്നോട്ടടുക്കാൻ മടിച്ചുനില്ക്കുന്ന
നിരായുധനായ ഒരു യോദ്ധാവിനെപ്പോലെ, നമ്മുടെ ക
ഥാനായകൻ ആ അടിത്തറയുടെ മുകളിലേക്ക് നിർമ്മാണാ
ത്മകമായ ദൃഷ്ടി പതിപ്പിക്കുവാൻ ഏറെ നാളം ധൈര്യ
പ്പെട്ടില്ല. ഒടുവിൽ ഗുണകാംക്ഷികളായ പലരുടേയും
പ്രോത്സാഹനങ്ങളാൽ ധൈര്യമവലംബിച്ചുകൊണ്ട് സുര
ണീയപുരുഷൻ ദേവാലയനിർമ്മാണത്തിനു പുറപ്പെട്ടു എ
ന്നു പറഞ്ഞാൽ മതിയല്ലോ. അന്നു പറവൂർ മുൻസി
പ്പും, പിന്നീടു് ചീഫ് സെക്രട്ടറിയുമായിരുന്ന ശ്രീ. ടി.
ചാണ്ടി അവർകളും ഈ പ്രോത്സാഹകന്മാരിൽ ഒരു പ്ര
ധാന വ്യക്തിയത്രെ.

"പ്രാരബ്ധമുത്തമജനാ ന പരിത്യജന്തി" എന്നുള്ള തത്വത്തെ മുൻനിറുത്തി, താൻ ആരംഭിച്ച കാര്യത്തിൽ ത്തന്നെ ബദ്ധശ്രദ്ധനായി, അദ്ദേഹം രാപ്പകൽ നയിച്ചു വന്നു. ആ മഹോദ്യമത്തിൽ കഥാപുരുഷൻ അനുഭവി ക്കേണ്ടിവന്ന ക്ലേശങ്ങളും എത്രമാത്രമെന്നു കാണുവാൻ ഭാവനയുടെ സൂക്ഷ്മനയനങ്ങൾക്കുപോലും സാദ്ധ്യമല്ല. അ ങ്ങിനെയൊക്കെയായിരുന്നെങ്കിലും ബ: സ്സൂറിയാച്ചന് ഈ വിഷമതകളൊന്നും വിഷമതകളായി തോന്നിയിരു ന്നില്ലെന്നുള്ളതിന് അദ്ദേഹത്തിന്റെ പിന്നീട്ടുള്ള സേവനചരിത്രം ഉത്തമദൃഷ്ടാന്തമാണ്.

രണ്ടുമൂന്നു 'കുറി'കളം തുടങ്ങുക എന്നുള്ളതായിരു ന്നു ധനാഗമമാർഗ്ഗമായി അദ്ദേഹം കണ്ടുവച്ച പ്രഥമ പദ്ധതി. മാസക്കുറിയോടൊപ്പം പള്ളിപണിയും മുന്നോ ട്ടു നീങ്ങിത്തുടങ്ങി. യുദ്ധക്കെടുതി മൂലം നാടാകെ വരണ്ടി രുന്ന ആ ദുസ്ഥിതിയിൽ ഓരോ ദിവസവും ജോലിക്കാ ക്ക് കൂലി കൊടുക്കുവാൻ അദ്ദേഹം അനുഭവിച്ച ബുദ്ധിമു ട്ടുകളം കുറച്ചൊന്നുമായിരുന്നില്ല. കർമ്മധീരനായ ക ഥാപുരുഷൻ എത്ര വലിയ ക്ലേശങ്ങളേയും പള്ളി ക്കുവേണ്ടി സഹിക്കുവാൻ സന്നദ്ധനായി പൂർവ്വാധികം ഉത്സാഹത്തോടെ രംഗത്തിന്റെ മുന്നണിയിലേയ്ക്കിറ ങ്ങി. പള്ളിപണി ഏതുവിധത്തിലും പൂർത്തിയാക്കണമെ ന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ പരമലക്ഷ്യം. അതി നുവേണ്ടിയുള്ള ധീരോദ്യമത്തിൽ ആരുടേയും ഭിന്നാഭി പ്രായങ്ങളെ അദ്ദേഹം വകവച്ചിരുന്നില്ല. സമചിത്തത കൈവെടിയാതെ തികഞ്ഞ സഹിഷ്ണുതയോടും ആത്മ വിശ്വാസത്തോടും കൂടി അദ്ദേഹം വച്ച ഓരോ കാലടി പ്പാടും ഇന്ന് ആ മഹാശില്പത്തിന്റെ ഏതുഭാഗത്തും നാ ട്ടുകാരുടെ അന്തർനയനങ്ങൾക്കു കാണാവുന്നതാണ്.

സാമ്പത്തികക്ലേശങ്ങൾ തന്റെ ഉദ്യമത്തിനു കൂടെക്കൂടെ തടസ്സമുണ്ടാക്കിക്കൊണ്ടിരുന്നിട്ടും പള്ളിപണിക്ക് ആ ധീരാത്മാവ് വിഘ്നം വരുത്തിയില്ല. അരലക്ഷത്തിൽപരം ഉറുപ്പിക തുണ്ടുകളായും തടിച്ച ഭിത്തികളായും രൂപാന്തരപ്പെട്ടു. ആയിടയ്ക്കാണ് കുനിമ്മേൽ കുരുവെന്ന പോലെ ഒരു അഗ്നിപരീക്ഷണഘട്ടത്തിൽ അദ്ദേഹം എത്തിച്ചേർന്നത്. അവിചാരിതമായ ഒരു ആഘാതമായിരുന്നു അത്. പള്ളിയിൽനിന്നും നടത്തപ്പെട്ടമാതിരിയിലുള്ള മാസക്കുറികൾ യാതൊരു മുന്നറിയിപ്പും കൂടാതെ ഗവർമ്മേണ്ട് നിയമവിരുദ്ധമായി പ്രഖ്യാപിച്ചു. ബ. സ്കറിയാച്ചന്റെ അന്തരംഗത്തെ ആ വാർത്ത എത്രമാത്രം വേദനിപ്പിച്ചു എന്ന് വിവരിക്കുക സാദ്ധ്യമല്ല.

കുറി വീഴ്ചയായതോടുകൂടി മരാമത്തിനും മാന്ദ്യം സംഭവിച്ചുതുടങ്ങി. അതേസമയത്ത് ചിറ്റാളന്മാർക്ക് ചിട്ടിപ്പണം ഉടനടി വീതിച്ചുകൊടുത്തേ മതിയാവൂ എന്നൊരു ഉർഘടസന്ധിയിൽ കായ്ങ്ങൾ എത്തിച്ചേരുകയും ചെയ്തു. ഈ ചുറുപാടുകൾ വച്ചു നോക്കുമ്പോഴാണ് ബ. സ്കറിയാച്ചൻ തരണം ചെയ്ത പ്രതിസന്ധികളുടെ തീവ്രത മനസ്സിലാകുന്നത്. അടുത്ത കുറിദിവസം പള്ളിമുറ്റത്തെത്തിക്കൂടിയ ജനാവലിയെ ഏതുരൂപത്തിലാണദ്ദേഹം വിജയകരമായി അഭിമുഖീകരിച്ചതെന്നും എങ്ങിനെയാണ് ആ ആധിക്കൂട്ടം പിരിഞ്ഞുപോയതെന്നും ഇവിടെ വിസ്തരിക്കുന്നില്ല. വികാരനിർഭരമായ ആ രംഗങ്ങൾ പലരും പഴമക്കാരുടെ സ്മൃതിപഥത്തിൽ പതിഞ്ഞുകിടപ്പുണ്ടാകണം. പണം തിരിച്ചുവാങ്ങണമെന്നുള്ള നിർബന്ധബുദ്ധിയോടുകൂടി അണിനിരന്ന ജനസമൂഹത്തെ ശാന്തരാക്കി അയയ്ക്കുന്ന കാര്യത്തിൽ അദ്ദേഹം തൽക്കാലം വിജയം കൈവരിച്ചു എന്നു പറയാം.

എന്നാൽ അതിന്റെ പരിശാന്തി കേവലം നൈമിഷികം മാത്രമേ ആയിരുന്നുള്ളൂ. തൽസംബന്ധമായ പ്രത്യാഘാതങ്ങൾ അദ്ദേഹത്തിന്റെ സ്ഥലം മാറ്റത്തിനു വഴി തെളിയിക്കുകയാണു ചെയ്തത്.

നാമെത്രതന്നെ നിയന്ത്രിച്ചാലും കാലത്തിന്റെ ഗതി അപ്രതീക്ഷിതവും അനിവാര്യവുമാണല്ലോ.

> "കാലമതിന്റെ കനത്ത കരംകൊണ്ടു
> ലീലയാലൊന്നു പിടിച്ചു കുലുക്കിയാൽ
> പാടേ പതറിക്കൊഴിഞ്ഞുപോം, ബ്രഹ്മാണ്ഡ-
> പാദപപുഷ്പങ്ങളാം താരങ്ങൾകൂടിയും".

എന്ന കവിവചനം എത്ര അർത്ഥവത്തായിരിക്കുന്നു. പ്രതീക്ഷകളും അനുഭവങ്ങളും അന്യോന്യം പൊരുത്തമില്ലാത്തവയായിട്ടാണ് പലപ്പോഴും കാണാറുള്ളത്. ഏതൊരു മഹാസ്ഥാപനത്തിനും ഏതൊരു മഹാ ഇടവകയ്ക്കും വേണ്ടി സ്ഥാപിയാച്ചൻ ആത്മാർത്ഥമായി പ്രവർത്തിച്ചുവോ, അവ, ആ കാലയളവിൽ നിന്നു നോക്കുമ്പോൾ, ആ ഉപകർത്താവിനെ വിസ്മരിച്ചപോലെയാണു സംഭവഗതികൾ വന്നുകൂടിയത്. എങ്കിലും ഇന്ന് അദ്ദേഹത്തെ അറിഞ്ഞു് നന്ദിയോടെ സ്മരിക്കുന്നുണ്ട് പറവൂരിടവകക്കാർ എന്നതു് ആശ്വാസജനകം തന്നെ.

ബ. സ്ഥാപിയാച്ചൻ പറവൂരിടവക വിട്ടപ്പോൾ പള്ളിയുടെ താഴത്തെ നിലകൾ ഓട്ടമേഞ്ഞു കഴിഞ്ഞിരുന്നു. മേൽക്കൂടിനുള്ള മരപ്പണികളും മിക്കവാറും തീർന്നിരുന്നു. അങ്ങിനെ അപൂർണ്ണമായ ആ വലിയ ദേവാലയത്തിന്റെ ഭാവിരൂപീകരണം പരമകാരുണികനായ സർവ്വേശ്വരങ്കൽ സമർപ്പിച്ചുകൊണ്ടും, അന്നുവരെയുള്ള പ

ള്ളിക്കണക്കുകാര്യം തിട്ടപ്പെടുത്തി ചാർജ്ജേല്പിച്ചുകൊണ്ടും ആ ധീരശാന്തൻ 1933 ഫെബ്രുവരി 23-ാം തീയതി പ്രഭാതത്തിൽ ഏകനായി പറവൂർപള്ളിയോട് യാത്ര പറഞ്ഞു.

പ്രാണനിവ്വിശേഷം അദ്ദേഹം സ്നേഹിച്ചിരുന്ന പള്ളിയുടെ പണി പൂർത്തിയാക്കുവാൻ, അതിന്റെ പ്രാരംഭകർത്താവായ എളങ്കുന്നപ്പുഴ ബ. പൗലോസച്ചൻ തന്നെയാണ് പിന്നീട് നിയുക്തനായത്. പാനികുളം ബ. ഇട്ടുപ്പച്ചൻ തുടങ്ങി ഈ സംരംഭത്തിൽ അല്പാല്പം സഹകരിച്ചിട്ടുള്ള വികാരിമാർ വേറെയുമുണ്ട്. എന്നാൽ മേല്പറഞ്ഞ രണ്ടു വൈദികന്മാരാണ് അതിന്റെ കർതൃസ്ഥാനത്തിന് അധികപങ്കും അർഹരായിട്ടുള്ളത്. ദേവാലയനിർമ്മാണത്തിന്റെ പ്രധാനഭാഗം ബ. സ്കറിയാച്ചൻ നിർവ്വഹിച്ചെങ്കിലും സമാരംഭവും സമാപനവും ഭംഗിയായി സാധിച്ചത് ബ. പൗലോസച്ചൻ തന്നെയാണ്. അപൂർണ്ണമായിക്കിടന്ന ദേവാലയം ഉപയോഗയോഗ്യമായവിധം അണിയിച്ചൊരുക്കി ഉദ്ഘാടനം നിർവ്വഹിച്ചതും അദ്ദേഹം തന്നെ. ഒരു കാലത്തും മായ്ക്കാനാവാത്ത വ്യക്തിമുദ്രകാര്യം പ്രസ്തുത പള്ളിയുടെ നിർമ്മാണചരിത്രത്തിൽ പതിച്ചിട്ടുള്ള ആയുഷ്മാന്മാരാണവർ.

പറവൂർ പള്ളിയോടനുബന്ധിച്ച് ഇന്നു കാണുന്ന 'കപ്പേള', കിണറ്, പാചകശാല, മുതലായവയും ബ. സ്കറിയാച്ചനാണ് പണിയിച്ചതെന്നുകൂടി-സ്മരണകളുടെ പൂർണ്ണതയ്ക്കുവേണ്ടി-ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. പറവൂർ പട്ടണമധ്യത്തിലുള്ള കച്ചേരിപ്പടിപ്പള്ളിയും ഇദ്ദേഹത്തിന്റെ പരിശ്രമഫലമായിരുന്നിട്ടുണ്ട്. അതിനോടനുബന്ധിച്ച്

ഇന്നു കാണുന്ന മണിമാളികയും പള്ളിമുറികളും, മറ്റു പരിഷ്കാരങ്ങളും അദ്ദേഹത്തിന്റെ പരിശ്രമഫലങ്ങളത്രേ.

കോട്ടയ്ക്കാവുപള്ളിയുടെ ചരിത്രാദ്ധ്യായത്തിനു വിരാമമിടാം, ഒരു സംഗതികൂടി സൂചിപ്പിച്ചുകൊണ്ടു്. പള്ളിയുടെ ഇന്നത്തെ സാമ്പത്തികനില അതീവഭദ്രമാണു്. അതുകണ്ടു സന്തോഷിക്കുവാനും, കൃതാർത്ഥനാകുവാനും അതിലേക്കുവേണ്ടി ഒട്ടേറെ ത്യാഗങ്ങളനുഭവിച്ച കഥാപുരുഷനു് സംഗതി വന്നതു സന്തോഷപ്രദം തന്നെ.

1923 നവംബർ 6-ാം തീയതിയാണു് ഈ വന്ദ്യപുരുഷൻ എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സിലെ ആലോചനാസമിതിയിൽ ഒരംഗമായി നിയമിക്കപ്പെട്ടതു്. പറവൂർ പള്ളിവികാരിയായിരുന്ന കാലമത്രയും ഈ സമ്മാന്യസ്ഥാനമലങ്കരിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. അഭിപ്രായ സ്ഥൈര്യത്തോടുകൂടി സംഘാംഗങ്ങളുടെ ഇടയിൽ അദ്ദേഹം പരിലസിച്ചുമിരുന്നു.

പറവൂർ പള്ളിയുടെ ക്ലേശപൂർണ്ണമായ ഭരണത്തിനു ശേഷമുള്ള ജീവിതരംഗങ്ങൾ മിക്കവാറും വിശ്രമകാലസേവനങ്ങൾ എന്ന നിലയിലാണു് പരിഗണിക്കപ്പെടേണ്ടതു്. 1933 ഫെബ്രുവരി 23-ാം തീയതി മുതൽ ആ കൊല്ലം നവംബർ 7-ാം തീയതിവരെ അദ്ദേഹം മൂഴിക്കുളം ഇടവകയുടെ വികാരിയായി കഴിഞ്ഞുകൂടി. പിന്നീടു മാറിപ്പോയതു് വല്ലം പള്ളിയിലേക്കായിരുന്നു.

സ്വന്തം ഇടവകയായ കാഞ്ഞൂർ പള്ളിയുടെ വികാരിസ്ഥാനവും ബ. സ്കറിയാച്ചൻ അലങ്കരിച്ചിട്ടുണ്ടു്.



Rev. Fr. Felician C.M.I.
(Son of Sri. V. C. Antony, Edanad)

ഏറണാകുളം അതിരൂപതയിലെ ഫൊറോനാപ്പള്ളി കളിൽ പ്രധാനപ്പെട്ട ഒന്നാണല്ലോ അതു്. വളരെ വീട്ട കളുള്ള ആ ഇടവകയെ, കക്ഷിതാല്പര്യങ്ങളും സ്വജനപ ക്ഷപാതവും കൂടാതെ സ്തുത്യർഹമാംവണ്ണം ഭരിക്കുവാൻ അവസരം ലഭിച്ചതിൽ ഒരു നാട്ടുകാരനെന്ന നിലയ്ക്ക് അദ്ദേഹത്തിനു പ്രത്യേകം അഭിമാനിക്കാവുന്നതാണ്. അന്നത്തെ കൊച്ചിവിദ്യാഭ്യാസഡയറക്ടരുമായുണ്ടായ ഒരു അഭിപ്രായസംഘട്ടനത്തിൽ പള്ളിവക ഒരു പ്രൈ മറിസ്കൂളിന്റെ മാനേജുമെൻറ് അയിടയ്ക്ക് സ്കറിയാച്ച നു് നിരസിക്കേണ്ടിവന്നിട്ടുണ്ട്. അതിനിടയാക്കിയ സാ ഹചര്യങ്ങളുടെ ന്യായാന്യായവിചിന്തനം ഇവിടെ അപ്ര സക്തമത്രേ. നീതിവിരുദ്ധമായ അധികാരപ്രമത്തത യ്ക്കോ, ഉഷ്പ്രചരണഭീഷണികൾക്കോ വഴങ്ങിക്കൊട്ട ക്കുന്ന തരത്തിലുള്ളതല്ലായിരുന്നു അദ്ദേഹത്തിന്റെ അ ന്തഃകരണം എന്നുമാത്രമേ ആ വിഷയത്തെപ്പറ്റി സ്മരി ക്കുവാനുള്ളൂ.

കാഞ്ഞൂർ പള്ളി വലിയ കടത്തിൽപ്പെട്ടിരുന്ന ഒരു വിഷമസന്ധിയിലാണ് ബഃ സ്കറിയാച്ചൻ വികാരി സ്ഥാനമേറ്റതു്. നാലുകൊല്ലക്കാലത്തെ ഭരണത്തിനിട യിൽ പള്ളിയെ ഋണമുക്തമാക്കുവാനും സാമാന്യം ന ല്ലൊരു സമ്പൽസ്ഥിതിയിലെത്തിക്കുവാനും അദ്ദേഹത്തി നു സാധിച്ചു.

സ്വന്തം ഇടവക ഭരിച്ചിരുന്ന കാലത്താണ് സ്വ മാതാവിന്റെ ചരമം സംഭവിച്ചതു്. ആ സാദ്ധ്വിയു ടെ അന്ത്യവേളയിൽ അടുത്തിരുന്ന ശുശ്രൂഷകൾ ചെയ്യ വാനും, അന്ത്യകൂദാശകൾ നൽകുവാനും അദ്ദേഹത്തിനു ഭാഗ്യം സിദ്ധിച്ചു. ഈ മഹാനുഗ്രഹം സിദ്ധിച്ചതിൽ

മാതൃപുത്രബന്ധത്തിന്റെ ദിവ്യാനുഭവങ്ങളാണ് നാം കാണുന്നത്.

ഇനി ജൂബിലേറിയന്റെ ഔദ്യോഗികജീവിതത്തിന്റെ അവസാനഘട്ടത്തിലേക്ക് നമുക്കു എത്തിനോക്കാം. ബ: സ്കറിയാച്ചൻ പണ്ടേതന്നെ ഒരു 'വാതപ്രകൃതി'ക്കാരനായിരുന്നു. വാതം കോപിക്കുമ്പോഴൊക്കെ ചികിത്സകളും നടന്നുകൊണ്ടിരുന്നു. എങ്കിലും പരിപാവനമായ പൗരോഹിത്യപദമലങ്കരിക്കുവാൻ നിയുക്തനായിരുന്നതുകൊണ്ടാകാം, വളരെക്കാലത്തേക്ക് ആ രോഗം അദ്ദേഹത്തെ അലട്ടുകയുണ്ടായില്ല. എന്നാൽ കാഞ്ഞൂർ പള്ളിയുടെ വികാരിയായിരിക്കുമ്പോൾ ദീഘ്കാലത്തേക്കു മാറിയിരുന്ന ആ രോഗം പൂർവ്വാധികം ഉഗ്രതയോടുകൂടി അദ്ദേഹത്തെ ബാധിച്ചു. മൂലക്കുരുവിന്റെ ആക്രമണവും അനവരതം പീഡിപ്പിച്ചുകൊണ്ടിരുന്നു. ഈയവസരത്തിൽ അദ്ദേഹം ഒരു ശസ്ത്രക്രിയയ്ക്കു വിധേയനമായി. ഒടുവിൽ വാതരോഗം അദ്ദേഹത്തെ തളർത്തിക്കളഞ്ഞു. അങ്ങിനെ ഒരു നിത്യരോഗി എന്ന നിലയിലായപ്പോൾ, 1938 ഡിസംബർ 20-ാം തീയതി ഔദ്യോഗിക ജോലിയിൽനിന്നും നിർഗ്ഗമിച്ചു് ചികിത്സയും വിശ്രമവുമായിക്കഴിയേണ്ടിവന്നു. പിഴിച്ചിൽ, ധാര മുതലായ പല പ്രതിവിധികളും ചെയ്തുനോക്കി ഒരു വിധം സുഖമായപ്പോൾ മെത്രാപ്പോലീത്താ തിരുമനസ്സിലെ നിയോഗവും, ചില സുഹൃത്തുക്കളുടെ താല്പര്യവുമനുസരിച്ചു് കരുമാല്ലൂർ പള്ളിയും അതിനോടനുബന്ധിച്ച കന്യകാമഠവും തന്റെ വൈദികസേവനത്തിനായി അദ്ദേഹം സസന്തോഷം തെരഞ്ഞെടുത്തു. മഠാംഗങ്ങളും ഇടവകക്കാരുമായി അത്യന്തം സൗഹാർദ്ദത്തിലാണ് അക്കാലമത്രയും കഴിഞ്ഞുകൂടിയതു്. 1943 ഡിസംബർ 1-ാം തീയതി മുതൽ 46 ഫെബ്രുവരി 5-ാം തീയതിവരെ ആ സേ

വനം നീണ്ടുനിന്നു. വീണ്ടും സ്വന്തം ഇടവകപ്പള്ളിയിലേക്കു തിരിച്ചുപോരുകയും അഞ്ചിലധികം വർഷങ്ങൾ ഇടവകപ്പട്ടക്കാരനായിത്താമസിക്കുകയും ചെയ്തു.

പ്രായാധിക്യവും ദേഹാസ്വാസ്ഥ്യവും ഗണ്യമാക്കാതെ അപ്രധാനമല്ലാത്ത ഒരു ഔദ്യോഗികഭാരം-ചെങ്ങൽമഠത്തിലെ 'കപ്ലോൻ' സ്ഥാനംകൂടി-അദ്ദേഹം സ്വീകരിച്ചതോർക്കുമ്പോൾ

"പാത്രത്തെയും 'സ്നേഹ' ഭരത്തിനേയും
'ദശാ'ന്തരത്തേയുമപേക്ഷിയാതെ
എല്ലായ്പ്പോഴും ലോകഹിതത്തിനായി
മേവും മഹാന്മാർ മണിദീപതുല്യം."

എന്ന അഭിജ്ഞവചനത്തിന്റെ അനുവർത്തന നമുക്ക് അത്യധികം അനുഭവപ്പെടുന്നു. എറണാകുളം അതിരൂപതയിലെ പ്രധാനപ്പെട്ട കന്യകാമഠങ്ങളിൽ ഒന്നാണല്ലോ ചെങ്ങൽമഠം. അവിടത്തെ ആത്മീയാധികാരിയായി ഒരു പ്രത്യേക വൈദികൻ നിയുക്തനാകുകയാണ് പതിവ്. ഈ നൂതനകൃത്യനിർവ്വഹണത്തിലും ബഃ സ്കറിയാച്ചൻ പ്രശംസയെ അർഹിച്ചിട്ടുണ്ട്. 1951 നവംബർ 10-ാം തീയതി ആരംഭിച്ച ആ സേവനം 1957 മെയ് 21-ാം തീയതിവരെ നീണ്ടുനിന്നതു് അതിനുത്തമലക്ഷ്യമാണ്. വാർദ്ധക്യ വിവശതയിലും സ്വകൃത്യങ്ങൾ കൃത്യമായിത്തന്നെ നടത്തിപ്പോന്നു. 'കപ്ലോൻ' എന്ന നിലയിൽ അദ്ദേഹം അനുഷ്ഠിച്ചിട്ടുള്ള പൈതൃകവും, മാതൃകാപരവുമായ സേവനങ്ങളെ പ്രാർത്ഥനാനിരതമായ ഹൃദയങ്ങളോടെ ഇന്നും എല്ലാ മഠക്കാരും സ്മരിച്ചുപോരുന്നുണ്ട്. നിശ്ചിതകാലത്തിനുശേഷവും എട്ടൊൻപതു മാസത്തോളം അദ്ദേഹം ചെങ്ങൽബംഗ്ലാവിൽ പുതിയ ക

പ്പോനായ 'മോൺസിഞ്ഞോർ വർഗ്ഗീസ് പുതുശ്ശേരിയു' മൊരുമിച്ച് താമസിക്കുകയും അദ്ദേഹത്തിനും മഠത്തിനും ഒരു സഹായകനായി അനൗദ്യോഗികസേവനമനുഷ്ഠിക്കുകയും ചെയ്തിരുന്നു. ഇപ്രകാരം ജന്മദേശമെന്നും, അന്യദേശമെന്നുമുള്ള ഭേദബുദ്ധിയെന്യേ—സമഭാവനയോടെ സ്വജീവിതം സമർപ്പിക്കുകയാണുണ്ടായത്. "ഉദാരചരിതന്മാക്കിങ്ങുലകംതന്നെയാലയം." എന്നാണല്ലോ ആപ്ത വാക്യം.

ബ: സ്കറിയാച്ചൻ പരിപൂർണ്ണവിശ്രമത്തിലേക്കു തിരിഞ്ഞിരിക്കുകയാണിപ്പോൾ. സ്വന്തം ഇടവകയ്ക്കും, കുടുംബത്തിനും, നാടിനും ഈ വന്ദ്യവയോധികന്റെ സ്വദേശവാസം അത്യന്തം അനുഗ്രഹപ്രദമായെതീർന്നു. പൗരോഹിത്യത്തിന്റെ കനകജൂബിലി ആഘോഷിക്കുവാൻ ഇടയാകുമെന്ന് രോഗാധീനനായതുമുതൽ ബ: സ്കറിയാച്ചൻ വിശ്വസിച്ചിരുന്നില്ല. എന്നാൽ ഇന്ന് ആ അസുലഭദിനം ആഘോഷിക്കപ്പെടുകയാണ്. മനുഷ്യന്റെ അഭ്യൂഹങ്ങളും, ദൈവത്തിന്റെ അഭിമതങ്ങളും വ്യത്യസ്തരൂപത്തിലാണല്ലോ പലപ്പോഴും കാണപ്പെടാറുള്ളത്.

പരമകാരുണികനായ ക്രിസ്തുനാഥൻ ഇദ്ദേഹത്തെ ദീർഘായുഷ്മനാക്കി. എഴുപത്തേഴു തികഞ്ഞ ഈ വന്ദ്യവൈദികന്റെ പ്രാർത്ഥനകളും സാരോപദേശങ്ങളും ജീവിതമാതൃകകളും ഇനിയും ജനങ്ങൾക്കാവശ്യമാണെന്നത്രേ ദൈവനിശ്ചയം. ഇന്നും ദൈനംദിന ദിവ്യപൂജവഴി അദ്ദേഹം അനർഘമായ ലോകസേവനംതന്നെയാണല്ലോ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. മിശിഹായുടെ ആത്മീയാരാമത്തിൽ പരിലസിക്കുന്ന സുകൃതസുഗന്ധികളായ ഇത്തരം വൈദികവാടാമലരുകൾ ലോക



Rev. Sr. Georgia
(Daughter of Sri. Devassy Parackal.)



Rev. Sr Silverina
(Daughter of Sri. Devassy Parackal.)

ത്തിനു ഇന്നും ധാരാളം ആവശ്യമായിത്തന്നെയാണിരിക്കുന്നതു്.

സ്മരണോപഹാരത്തിന്റെ പൊതുവിവരണത്തിൽ നിന്നു വിരമിച്ചു്, സ്മൃത്യുപരുഷന്റെ വ്യക്തിവൈശിഷ്ട്യത്തിന്റെ ആഭ്യന്തരവശങ്ങളിലേക്കു് നമുക്കൊന്നെത്തിനോക്കാം. ലോകം, ശാസ്ത്രത്തിന്റെ ഭൗതികാഭിവൃദ്ധിയിൽ പ്രമോദിക്കുകയും അതോടൊപ്പം അതിന്റെ സാന്മാർഗ്ഗികാധഃപതനത്തിൽ പരിഭ്രമിക്കുകയും ചെയ്യുന്ന ഒരു കാലഘട്ടമാണല്ലോ ഇതു്. ഇത്തരം സന്ദർഭങ്ങളിൽ ധർമ്മിഷ്ഠരായ വ്യക്തികളുടെ വിശിഷ്ടസേവനമാണു് സമുദായം ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നതു്. ആ ലക്ഷ്യം മുൻനിറുത്തി നോക്കുമ്പോൾ ബ. സ്സൂറിയാച്ചന്റെ വ്യക്തിത്വം സന്മാർഗ്ഗമണ്ഡലത്തിൽ പ്രായോഗികമായി അടിയുറച്ചതായിരുന്നുവെന്നു് സ്പഷ്ടമായിക്കാണാവുന്നതാണു്. സഭയും സന്മാർഗ്ഗലക്ഷ്യവും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ മുൻനിറുത്തി, ഭരണീയരെ സന്മാർഗ്ഗാചരണത്തിലും, ധർമ്മബോധത്തിലും നിഷ്ണാതരാക്കിത്തീർക്കുവാൻ പ്രസംഗവും പ്രവൃത്തിയും ഒരുപോലെ അദ്ദേഹം ഉപയോഗപ്പെടുത്തിയിട്ടുണ്ടു്. സന്മാർഗ്ഗശാസ്ത്രത്തിലും തത്വശാസ്ത്രത്തിലും സുശിക്ഷിതനായിരുന്നതിനാൽ, ആ രണ്ടു മാനദണ്ഡങ്ങൾവച്ചു് നീതിയുടെ സീമനിർണ്ണയിക്കുന്ന കാര്യത്തിൽ അദ്ദേഹം അപ്രതിമനായിക്കാണപ്പെട്ടിരുന്നു. സ്വഭാവശുദ്ധിയുടെ മാറ്റുരച്ചുനോക്കിയാണു് ഒരു വൈദികന്റെ നില സമുദായം നിർണ്ണയിക്കുന്നതെങ്കിൽ, ആ വിഷയത്തിലും ബ: സ്സൂറിയാച്ചൻ തികച്ചും അഭിനന്ദനീയനത്രെ. മറ്റുള്ളവരെ ഉപദേശിക്കുവാൻ സമർത്ഥന്മാർ ധാരാളമുണ്ടാകും. വേണ്ടിവരുമ്പോൾ തന്നത്താൻ പ്രയോഗത്തിൽ വരുത്തുന്നവർ മുരുക്കമത്രെ. എ

ന്നാൽ പ്രസംഗത്തിലെ ആദർശം പ്രവൃത്തിയിലും രൂപത്തിലും പ്രദർശിപ്പിച്ചിട്ടുള്ള ചുരുക്കം പേരിൽ ഒരുവനാണ് നമ്മുടെ കഥാപുരുഷൻ എന്നുള്ളതിൽ പക്ഷാന്തരത്തിനവകാശമില്ല.

ദൈവസന്നിധിയിൽ സകലരും സമന്മാരാണെന്നുള്ള നീതിബോധം ബ: സ്കറിയാച്ചന്റെ സകല പ്രവൃത്തികളിലും കാണാമായിരുന്നു. സമ്പന്നരെ അദ്ദേഹം പ്രത്യേകം സമാദരിക്കുകയോ, അല്പാത്തവരെ അനാദരിക്കുകയോ ചെയ്തിരുന്നില്ല. പാവപ്പെട്ടവരുടെ അവകാശം സംരക്ഷിക്കുന്നതിലാണ് കൂടുതൽ താല്പര്യം കാണിച്ചിരുന്നത്. ഏതു കാര്യത്തിലും നീതിനിഷ്ഠമായൊരു പരിചിന്തനമാണാദ്യത്തെ നടപടി. അതു കഴിഞ്ഞിട്ടേ കർമ്മപദ്ധതി രൂപപ്പെടുത്താറുള്ളൂ.

ഉദാരമതിയാണ് ബ. സ്കറിയാച്ചൻ. പക്ഷേ ആ ഔദാര്യത്തിനും ചില അതിരുകളെല്ലാമുണ്ട്. സാദ്ധ്യതയും ബാദ്ധ്യതയും നോക്കാതെ അതു് ഒരിക്കലും രൂപം കൊള്ളാറില്ല. പള്ളിയുടെ പണം കൈകാര്യം ചെയ്തിരുന്നപ്പോഴൊക്കെ, സാദ്ധ്യതയേക്കാളേറെ ബാദ്ധ്യതയാണു നോക്കാറുണ്ടായിരുന്നതും. പള്ളിയുടെ പണം ഒരുകാശുപോലും അനാവശ്യമായിപ്പോകരുതെന്നുള്ള നിഷ്കൊണ്ടു് പള്ളിക്കു സാദ്ധ്യതയുണ്ടായിരുന്നാൽപോലും തികച്ചും മിതവ്യയമാണു അദ്ദേഹം പാലിച്ചുപോന്നതു്. ഈ പ്രകൃതം തന്റെ ഔദാര്യത്തിനു അതിരിട്ടതുകൊണ്ടായിരിക്കാം ധനം ധാരാളമായി വ്യയം ചെയ്യേണ്ടിടത്തു അങ്ങനെ ചെയ്യാതിരുന്നിട്ടുള്ളതു്. നല്ല വിവേചനത്തോടുകൂടിയേ ആ ഔദാര്യം പ്രാവർത്തികമായിത്തീരാറുള്ളൂ. അദ്ദേഹത്തിന്റെ ധനസഹായംകൊണ്ടു് അഭ്യസ്തവിദ്യരായിത്തീ

ന്നിട്ടുള്ളവർ പലരുമുണ്ട്. അവരിൽ ചിലർ ഉയർന്ന നില കളിൽ എത്തിച്ചേർന്നിട്ടുമുണ്ട്. വിദ്യാഭ്യാസത്തെ മാത്രമ ല്ല, ഉൽക്കർഷത്തിനിടയാക്കുന്ന ഏതു സാഹചര്യത്തേയും പരോപകാരാർത്ഥം പ്രയോജനപ്പെടുത്തുവാൻ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. പറവൂരിടവകയിൽപ്പെട്ട വലിയ പല്ലന്തുരുത്തു പള്ളിക്കുവേണ്ടി അദ്ദേഹം ചെയ്തിട്ടുള്ള സഹാ യ സഹകരണങ്ങളും അദ്ദിക്കുകാർ നന്ദിയോടെ സ്മരിച്ചു വരുന്നുവെന്നതു് ഒരു ഉദാഹരണമായി ചൂണ്ടിക്കാണിക്കു ന്നുവെന്നുമാത്രം. ബ. സ്ഥാനിയാച്ചന്റെ സഹായത്താൽ നല്ലനിലയിലെത്തിയിട്ടുള്ള ഇടത്തരക്കാർ ഇന്നും അദ്ദേ ഹത്തെ അകമഴിഞ്ഞാദരിക്കുകയും അനുസ്മരിക്കുകയും ചെയ്യുന്നുണ്ടു്. ബന്ധുക്കളും, സുഹൃത്തുക്കളും, കുടുംബാംഗ ങ്ങളും, നാട്ടുകാർ എന്നിങ്ങനെ തന്റെ സഹായം ആവ ശ്യമായിവരുന്ന വ്യക്തികളെ അർഹതയും കഴിവുമനുസ രിച്ചു അദ്ദേഹം സഹായിച്ചിരുന്നു. ഒരു സമ്പന്നനാ കാൻ അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. എന്നാൽ പരാ ശ്രയം കൂടാതെ ജീവിക്കുന്നതിനും തന്റെ ധാർമ്മികല ക്ഷ്യത്തിലെത്തുന്നതിനും ആവശ്യമായ ഒരു സാമ്പത്തിക നിലയെ അദ്ദേഹം സ്വാഗതം ചെയ്തിരുന്നു. പ്രയത്ന ത്തിന്റേയും, സ്വാശ്രയജീവിതത്തിന്റേയും മഹത്വ ത്തിനാണു് അദ്ദേഹം വില കല്പിച്ചിരുന്നതു്.

ആരോടെങ്കിലും ചെറിയൊരു കടപ്പാടു് തനിക്കു ണ്ടായിപ്പോയാൽ, അതു നിർദ്ദോഷം പരിഹരിക്കുന്നതി ൽ ബ. സ്ഥാനിയാച്ചൻ എന്നും ജാഗരൂകനായിരിക്കും. ധനസംബന്ധമായ കാര്യങ്ങളിൽ ആദ്യവസാനം അ സാമാന്യമായ നിഷ്ക്കർഷ അദ്ദേഹം പാലിച്ചിരുന്നു. സ്വന്തമായി സൂക്ഷിച്ചുപോന്ന കണക്കുകളും പള്ളിക്ക ണക്കുകളും അതിനു നല്ല തെളിവുകളാണു്. കണക്കിൽ,

കണക്കിലേറെക്കാണിച്ചിരുന്ന കണിശം അദ്ദേഹത്തിന്റെ മനഃശക്തിയെപ്പോലും പിൽക്കാലത്ത് ക്ഷീണിപ്പിച്ചുവോ എന്ന സംശയിക്കേണ്ടിയിരിക്കുന്നു. ഒരു പൈസയും അന്യന്റേതു് തന്റേതായിത്തീരാൻ ബ. സ്ഥിയാച്ചൻ സമ്മതിക്കുന്നതല്ല. "സത്യേ ധർമ്മഃ പ്രതിഷ്ഠിതഃ" എന്ന സൂക്തിസാരം അദ്ദേഹം എത്രമാത്രം ആദരിച്ചിരുന്നുവെന്നുള്ളതു് ഇതിൽനിന്നു സ്പഷ്ടമാകുന്നു. അച്ചനുമായി ഇടപെട്ടിട്ടുള്ളവർക്കെല്ലാം ഇതു് അനുഭവൈകവേദ്യം വന്നുകാണും.

ബ. സ്ഥിയാച്ചൻ ഒരു സംഭാഷണപ്രിയനാണു്, ശ്രോതാക്കൾ ആത്മാർത്ഥമായും സ്വതന്ത്രമായും പെരുമാറുന്നവരാണെങ്കിൽ. വർത്തമാനത്തിലേർപ്പെട്ടാൽ സമയം പോകുന്നതദ്ദേഹം അറിയാറില്ല. വെറും നേരംപോക്കായിരിക്കയില്ല, അച്ചന്റെ സംഭാഷണം; "അറിവരുളും ശാസ്ത്രമായ് ഭവിക്കുന്നു". എന്നു് ആ സംഭാഷണത്തെപ്പറ്റി പറഞ്ഞാൽ, അതിൽ വലിയ അതിശയോക്തിയൊന്നുമില്ല. നൂതനമായ എന്തെങ്കിലും തത്പരൻ അതിൽനിന്നും പഠിക്കുവാനുണ്ടാകും. ആഹ്ലാദത്തെക്കാൾ ആത്മാർത്ഥതയ്ക്കാണു് അദ്ദേഹത്തിന്റെ സംഭാഷണത്തിൽ സ്ഥാനമുള്ളതു്. ഉജ്ജ്വലതയും ഉദ്ബുദ്ധതയും സ്വതസ്സിദ്ധമായ ആ വാഗ്മിതയുടെ ഭൂഷണങ്ങളായിരിക്കും. പ്രസംഗപീഠങ്ങളിൽ മാത്രമല്ല, ആലോചനാസമിതികളിലും സ്ഥിയാച്ചന്റെ പ്രഭാഷണം വിലപ്പെട്ടവയായിരുന്നു. ചിറ്റാളന്മാരെ പിരിച്ചുവിടുന്നതിനു വേണ്ടി കോട്ടയ്ക്കാവു പള്ളിയങ്കണത്തിൽവച്ചു് അദ്ദേഹം ചെയ്ത പ്രസംഗത്തിന്റെ വശ്യതയും ആത്മാർത്ഥതയും ഈ ലേഖകന്മാരുടെ സ്മൃതിപഥത്തിൽ ഇന്നും പതി



Rev Sr. Mary Teresa
(Daughter of Sri. Thariath Parackal.)



Rev. Sr. Sebastiany
(Daughter of Sri. Devassy Parackal.)



ഞ്ഞുകിടപ്പുണ്ട്. വാർദ്ധക്യകാലത്തെ സംഭാഷണത്തിലും ഈ വചോഗ്രണം പ്രത്യക്ഷമായിക്കാണാം.

ബ: സ്കറിയാച്ചന്റെ ഭാഷാപാണ്ഡിത്യത്തെക്കുറിച്ചും ഈ ഘട്ടത്തിൽ ഓമ്മവരികയാണ്. ലത്തീൻ ഭാഷയിൽ അദ്ദേഹത്തിനുണ്ടായിരുന്ന പ്രാവീണ്യം മുൻപൊരിടത്തു സൂചിപ്പിച്ചുവല്ലോ. ഈ കുശലത നല്ല ഇംഗ്ലീഷു സ്വാധീനമാക്കുന്നതിനും അദ്ദേഹത്തെ സഹായിച്ചിരുന്നു. ഇന്നത്തെ യുവവൈദികന്മാർ, മുൻകാലങ്ങളെ അപേക്ഷിച്ചു്, മലയാളഭാഷയിൽ പ്രായേണ സമർത്ഥന്മാരായി കാണപ്പെടുന്നുണ്ട്. എന്നാൽ മാതൃഭാഷാപാണ്ഡിത്യത്തിൽ ബ. വൈദികർ അത്രയേറെ ശ്രദ്ധിക്കാതിരുന്ന അക്കാലത്തു് ബ. സ്കറിയാച്ചന്റെ പ്രസംഗഭാഷയും ലേഖനഭാഷയും സൂക്ഷ്മപരിശോധനയ്ക്കു് സുതാർഹമായിരുന്നു എന്നു് അത്യുക്തി കൂടാതെ പ്രസ്താവിക്കാൻ ഈ ലേഖകന്മാക്കു കഴിയും. ഭാഷയുടെ ആലങ്കാരികതയിലല്ല, പ്രായോഗിക ശുദ്ധിയിലാണ്, അദ്ദേഹം ശ്രദ്ധിച്ചിരുന്നതു്. ചില പദങ്ങളുടെ സാധുതപചിന്തയിൽപ്പോലും അദ്ദേഹം വിദഗ്ധവും ശിക്ഷണക്ഷമവുമായ അഭിപ്രായങ്ങൾ പറഞ്ഞുകേട്ടിട്ടുണ്ട്. സുപ്രസിദ്ധനായ ഐ. സി. യുടേയും സുപ്രതിഷ്ഠിതരായ ഇതര സാഹിത്യകാരന്മാരുടേയും ലേഖനങ്ങളും പുസ്തകങ്ങളും അദ്ദേഹം മതിപ്പോടെ വായിച്ചാസ്വദിക്കാറുണ്ടു്. അവയിൽക്കാണുന്ന പ്രയോഗവിശേഷങ്ങൾ കാരണസഹിതം മനസ്സിലാക്കുകയും ചെയ്തിരുന്നു. സാധാരണങ്ങളായ ചില വിലക്ഷണപ്രയോഗങ്ങൾ, അഭ്യസ്തവിദ്യരെന്നു കരുതപ്പെടുന്നവർക്കുപോലും തിരുത്തി മനസ്സിലാക്കുവാൻ, അദ്ദേഹവുമായുള്ള സംഭാഷണം ഉപകരിച്ചിട്ടുണ്ട്. ഈ വ്യുത്പത്തി, ഗ്രന്ഥപരിചയം നേടിയതുകൊണ്ടോ വ്യാകരണത്തിന്റെ ഉപരിപാഠങ്ങൾ ഹൃദിസ്ഥമാക്കിയതുകൊണ്ടോ സിദ്ധിച്ചതാ

ണെന്നല്ല പറയേണ്ടിയിരിക്കുന്നത്. സ്വതസ്സിദ്ധമായ സൂക്ഷ്മബുദ്ധിയും നിഷ്കഷ്ടവും, ബാല്യം മുതൽക്കുതന്നെ വേരുന്നിക്കഴിഞ്ഞിരുന്ന വ്യാകരണപ്രതിപത്തിയുമായിരിക്കണം അതിനു പ്രധാനകാരണം.

ഭരണാധികാരികളോട് പലർക്കും അവജ്ഞയും അമർഷവും തോന്നാറുള്ള ഒരു കാലഘട്ടമാണല്ലോ ഈ ജനകീയ യുഗം. എന്നാൽ, ആരെങ്കിലും അധികാരികളെ വിമർശിക്കുന്നതുകേട്ടാൽ അതിൽ പങ്കുകൊള്ളുവാൻ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ഭൗതികാധികാരങ്ങൾപോലും ദൈവദത്തങ്ങളാണെന്നും, ഭരണകർത്താക്കളോടുള്ള ബഹുമാനം ദൈവത്തോടുള്ള ബഹുമാനത്തിനു തുല്യമാണെന്നും അദ്ദേഹം കരുതുന്നു. ഉന്നതതലങ്ങളിൽ ഇരിക്കുന്ന മേലധികാരികളെ ബഹുമാനിക്കുവാൻ സ്ഥിരിയാച്ചൻ സദാ സന്നദ്ധനാണ്. എന്നുവച്ച് സ്വാർത്ഥലാഭത്തിനുവേണ്ടി അവരെ സമീപിച്ച് സേവപിടിക്കാനോ, സമ്പർക്കം പുലർത്താനോ ഉള്ള ഒരുതരം ഉത്സുകണത അദ്ദേഹത്തിനില്ലതന്നെ. പരാശ്രയശീലത്തേക്കാൾ സ്വാശ്രയശീലത്തിനാണ്, അദ്ദേഹം മാന്യത കല്പിക്കുന്നത്. വ്യക്തികൾ സ്വന്തം കടമകൾ നിർവ്വഹിക്കുമ്പോൾ അവർക്ക് സിദ്ധിക്കേണ്ട സമ്മാനിതം താനേ വന്നുചേർന്നുകൊള്ളുമെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. സ്നേഹബഹുമാനങ്ങൾ പിടിച്ചുവാങ്ങേണ്ടവയല്ലെന്നും, അവ സ്വയമേവാഗതമാകേണ്ടവയാണെന്നും അദ്ദേഹം വിചാരിക്കുന്നു. അവശ്യഘട്ടങ്ങളിൽപോലും വിട്ടുവീഴ്ചകളോടും പിണ്ടുവിചാരത്തോടും കൂടിയേ അധികാരികൾ വിമർശിക്കപ്പെടാവൂ എന്നും സ്ഥിരിയാച്ചനു നിർബ്ബന്ധമുണ്ട്.

സ്വന്തം ജീവിതരീതി ലളിതവും വിനീതവുമാണ്. ഭരണമണ്ഡലം, ഭക്ഷണാദികാര്യങ്ങൾ, വേഷവിധാനം,



Rev. Sr. Jane Mary
(Daughter of Sri. Kunjicheria,
Vadakkumcherry, Edanad)

വാസസ്ഥാനം, യാത്ര തുടങ്ങിയ കാര്യങ്ങളിലൊന്നിലും യാതൊരു കൃത്രിമാഡംബരങ്ങളും അദ്ദേഹം കൈക്കൊണ്ടിരുന്നില്ല. ഭരണമണ്ഡലങ്ങളുടെ വലിപ്പച്ചെറുപ്പങ്ങളെ ഭേദബുദ്ധിയോടുകൂടി അദ്ദേഹം വീക്ഷിച്ചിരുന്നില്ല. ആലയങ്ങളുടെ വലിപ്പത്തിലല്ല, അതിൽ വസിക്കുന്നവരുടെ, പ്രകൃതിയിലും പെരുമാറ്റത്തിലുമാണ്, മഹത്വമടങ്ങിയിരിക്കുന്നത് എന്ന് അദ്ദേഹം വിശ്വസിക്കുന്നു. സേവനവിഷയത്തിന്റെ മാനദണ്ഡം, സ്ഥാപനത്തിന്റേയോ വ്യക്തിയുടേയോ ഭൗതികമഹത്വമായിരിക്കുവാൻ പാടുള്ളതല്ലല്ലോ. സത്സേവനങ്ങൾ യഥാകാലം അതർഹിക്കുന്ന രൂപത്തിൽ ആക്കിക്കൊള്ളാം, എത്രകണ്ട് പ്രയോജനപ്പെടുത്താമോ, അത്രകണ്ട് പ്രയോജനപ്പെടുത്തിയിട്ടുണ്ടദ്ദേഹം. അടുത്തകാലംവരെ വഹിച്ചുപോന്നിട്ടുള്ള ചുമതലകൾ അതിനുത്തമദൃഷ്ടാന്തങ്ങളാണ്. വലിയ സ്ഥാനത്തിരുന്നവർ പിന്നീടതിനേക്കാൾ ചെറിയ സ്ഥാനത്തേക്കു മാറ്റപ്പെട്ടാൽ പലപ്പോഴും അതൃപ്തരായിത്തീരാറുണ്ട്. എന്നാൽ, അത്തരം സന്ദർഭങ്ങളിൽ നമ്മുടെ കഥാനായകൻ അത്യന്തം സംതൃപ്തനായി കാണപ്പെട്ടിരുന്നു.

തീരുമാനിക്കപ്പെട്ട സംഗതികളിൽനിന്ന് ബ: സ്കറിയാച്ചനെ വ്യതിചലിപ്പിക്കുവാൻ എത്ര വലിയ പ്രലോഭനത്തിനും സാദ്ധ്യമല്ല. കാഴ്ചകാണുവാൻവേണ്ടി അദ്ദേഹത്തെ സ്വാധീനിക്കുവാൻ ശ്രമിച്ചിട്ടുള്ളവർ പരാജയപ്പെട്ടിട്ടുണ്ട്. ഒരു ചെറിയ സംഭവം ഉദാഹരിക്കാം. അച്ചന്റെ മാനേജുമെൻറിലുണ്ടായിരുന്ന ഹൈസ്കൂളിൽ സ്ഥിരം ജോലി കിട്ടിയാൽ, കത്തോലിക്കാമതം സ്വീകരിക്കാമെന്നറിയിച്ച ഒരു ബിരുദധാരിയോട്, "ആദ്യം നിങ്ങൾ മതംമാറുക, പിന്നീടാകാം ഉദ്യോഗാലോചന" എന്നാണ് ആദർശനിഷ്ഠനായ അദ്ദേഹം സമാ

ധാനം പറഞ്ഞതു്. സ്വാഭിപ്രായവും സ്വധർമ്മവും കാര്യലാഭത്തിനുവേണ്ടി കൈമാറാറം ചെയ്യാവുന്ന വില്പനവസ്തുക്കളാക്കുവാൻ അദ്ദേഹം സമ്മതിച്ചിരുന്നില്ല. ഏതു ഉന്നതവ്യക്തിയോടായാലും, അസ്വരസം വന്നുചേരുമോ എന്നു ശങ്കിച്ചു്, സ്വാഭിപ്രായം തുറന്നുപറയുവാൻ അദ്ദേഹം മടിക്കാറില്ല. സ്വാർത്ഥതയും അഹന്തയും തലപൊക്കുന്നിടത്തു് സ്കറിയാച്ചന്റെ മനസ്സു് പ്രക്ഷുബ്ധമായിപ്പോകും.

വാക്കുപാലിക്കുന്നതിൽ ബദ്ധപരികരനത്രേ സ്കറിയാപുരുഷൻ. അച്ചന്റെ വാക്കുകിട്ടാനേ പ്രയാസമുള്ളൂ; കിട്ടിയാൽ അതു ശിലാരേഖയായിക്കരുതാമാക്കും. വാക്കു് വെറും കാറാണെന്നും, മനസ്സാക്ഷി വലിച്ചുനീട്ടാവുന്ന റബ്ബറാണെന്നും തോന്നുമാറു്, നീന്നനില്പിൽ കാലുമാറുന്ന പ്രമാണികരം ഇന്നത്തെ ലോകത്തിൽ ഒർല്ലഭമല്ല. ലാഭമുണ്ടെന്നു കണ്ടാൽ ഒർവ്യാഖ്യാനത്തിന്റെയോ, ഒഴുക്കിയുടേയോ മറപിടിച്ചു് സ്വന്തം വാക്കുപാലിക്കാതെ കഴിക്കാനാണു് അവർ നോക്കുക. സ്കറിയാച്ചന്റെ വാക്കുകരം എപ്പോഴും സുദ്ധങ്ങളായിരിക്കും. വായിൽനിന്നു വീണുപോയാൽ അതു് പരിപൂർണ്ണമായി പാലിക്കപ്പെടുന്നതുവരെ അദ്ദേഹത്തിനു സ്വസ്ഥത വരാറില്ല. സമ്മതങ്ങരം കുറഞ്ഞതും, സംഭാവനകരം കവിഞ്ഞതും; എന്നുള്ളതാണച്ചന്റെ പോക്കു്.

ഭക്തിച്ചുടങ്ങുകളുടെ പേരുപറഞ്ഞു് കൊള്ളവ്യവിലോപം വരുത്തുന്ന കപടഭക്തന്മാരെ അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. ആത്മാർത്ഥതവിട്ട ഭക്തിയെ അദ്ദേഹം അത്യന്തം വെറുത്തിരുന്നു. പെരുന്നാളുകളും തിരുക്കർമ്മാദികളും മതത്തിന്റെപേരിൽ നടത്തപ്പെടുന്ന വെറും



Rev. Sr. Mary Justin
(Daughter of Sri. V. C. Antony, Edanad)



Rev. Sr. Leony
(Daughter of Sri. V. C. Antony, Edanad)

ചടങ്ങുകളായി അധഃപതിക്കരുതെന്നു് അദ്ദേഹത്തിനു നിർബന്ധമുണ്ടായിരുന്നു. വ്യക്തികളുടെ പരസ്പരസൗഹാർദ്ദം-പരസ്നേഹം-ദൈവാരാധനയുടെ മറ്റൊരു രൂപമാണെന്നുള്ള പക്ഷക്കാരനാണദ്ദേഹം. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാതെ കാണപ്പെടാത്ത സർവ്വേശ്വരനെ സേവിക്കുന്ന ഭക്തന്മ്മന്യൻ സർവ്വഥാ സംശയിക്കപ്പെടേണ്ടവനാണെന്നു കവികളും അനുശാസിക്കുന്നുണ്ടല്ലോ.

"അടുത്തു നില്പോരനുജനെ നോക്കാ-
നക്ഷികളില്ലാത്തോ-
നരൂപനീശ്വരനദൃശ്യനായാ-
ലതിലെന്താശ്ചര്യം?".

ആത്മാർത്ഥതയും നിസ്സ്വാർത്ഥതയും നിറഞ്ഞതാണച്ഛന്റെ പ്രാർത്ഥനകൾ. അനേകം അഭീഷ്ടങ്ങൾ അച്ഛന്റെ പ്രാർത്ഥനകൊണ്ടു പലർക്കും ലഭിച്ചിട്ടുള്ളതായി ഞങ്ങൾക്കറിയാം; ഞങ്ങളും അനുഭവസ്ഥരത്രേ.

മറ്റു ചില സ്വഭാവവിശേഷതകളും സ്മൃതിപഥത്തിലെത്തുന്നു. വാതസംബന്ധമായ വിഷമത സ്വയം ലേഖനകർമ്മത്തിൽ അദ്ദേഹത്തെ വിമുഖനാക്കിയിരുന്നതുകൊണ്ടോ, സ്വഭാവം കയ്പട പിടിക്കായ്കയാലോ, എന്തോ നല്ല കൈയക്ഷരക്കാരോടു് അച്ഛനു വാത്സല്യം തോന്നിയിരുന്നു. ധാരാളം എഴുതി സൂക്ഷിക്കേണ്ട കാര്യങ്ങൾ പലതുമുള്ള ഒരു പ്രവർത്തനവലയത്തിനുള്ളിലാണല്ലോ കഥാപുരുഷൻ അധികവും വ്യാപരിച്ചിരുന്നതു്. അതുകൊണ്ടു് അക്കാര്യത്തിൽ സ്വാഭാവികമായി സംഭവിച്ച പരാധീനത പരിഹരിക്കുവാൻ ഓരോകാലത്തു് ഓരോരുത്തരുടെ സഹകരണം അദ്ദേഹത്തിനത്യന്താപേക്ഷിതമായിരുന്നു. നല്ല കൈയക്ഷരത്തോടുണ്ടാ

യിരുന്ന ഈ പ്രതിപത്തിയിൽ കലാപരമായ ഒരു ഭിനന്ദനം കൂടി അന്തർഭവിച്ചിരുന്നു എന്നുവേണം കരുതുവാൻ. സ്വന്തം മാനേജ്മെൻറിൽനിന്നും പിരിഞ്ഞുപോയ ഒരു ഡ്രായിംഗ് മാസ്റ്ററുടെ നല്ല കയ്യടയിലുള്ള രാജിക്കത്ത് വളരെക്കാലത്തേക്ക് ഒരു കൗതുകവസ്തുപോലെ അദ്ദേഹം സ്വന്തം പണപ്പെട്ടിയിൽ സൂക്ഷിച്ചിരുന്നതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. ലേഖനവിഷയത്തിൽ ബ. അച്ചനു ദീർഘകാലം സേവനം ചെയ്യുവാൻ ഈ ലേഖകനുമാക്കു ഭാഗ്യം ഉണ്ടായിട്ടുണ്ട്. 'സാഹിത്യവിശാരദ'കളായ ചെങ്ങൽമഠത്തിലെ രണ്ടു സഹോദരിമാരും ഈ വിധ സഹായങ്ങളിൽ ഭാഗഭാക്കുകളായിരുന്നിട്ടുള്ളവരാണ്.

ബ. സ്കൂറിയാച്ചനെറ, വിദ്യാഭ്യാസസംബന്ധമായ സാഹായങ്ങളെപ്പറ്റി മുൻപ് പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഉന്നത ബിരുദങ്ങൾ നേടുന്നവരോടും, ഉത്സാഹിച്ചു പഠിക്കുന്നവരോടും അദ്ദേഹത്തിനു അത്യന്തം ബഹുമാനവും വാത്സല്യവുമുണ്ട്. ഉദ്യോഗനിയമനങ്ങളിലും മറ്റും, കൂടുതൽ പരീക്ഷായോഗ്യത നേടിയിട്ടുള്ളവർക്ക് പ്രത്യേകം പരിഗണന നല്കിയിരുന്നു. ധനവാന്മാരോടെന്നതിനേക്കാൾ അഭ്യസ്തവിദ്യരോടാണ് അദ്ദേഹത്തിനു സ്നേഹാദരങ്ങൾ ഉള്ളതു്. നല്ലവണ്ണം പഠിക്കുന്ന—ഉപരിവിദ്യാഭ്യാസകുതുകികളായ വിദ്യാർത്ഥികളെ സാമ്പത്തികമായും അദ്ദേഹം പ്രോത്സാഹിപ്പിച്ചിരുന്നു.

കന്യകാമഠക്കാരെപ്പറ്റി ബ. അച്ചനു എപ്പോഴും ആദരവും അനുഭാവവും, അതോടൊപ്പം കുറെക്കൂടി പുരോഗാമിയായ അഭിപ്രായവുമാണുള്ളതു്. അതായതു് ആദ്ധ്യാത്മികജീവിതത്തിൽ അവർക്കുള്ള അവഗാഹം,

ബാഹ്യലോകവുമായുള്ള പെരുമാറ്റത്തിലും കൂടുതൽ കൂടുതൽ പ്രായോഗികമായി കാണപ്പെടണമെന്നാണ് അച്ചന്റെ ആഗ്രഹം. അതിനാവശ്യമായ സാരോപദേശങ്ങളും സന്മാതൃകകളും അവരുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ബ. സ്കറിയാച്ചൻ സദാ തല്പരനാണ്. ഭരണകാലത്തും, വിശ്രമവേളകളിലും ഓരോ വിധത്തിൽ ബന്ധപ്പെടുവാനിടവന്നിട്ടുള്ള എല്ലാ മഠങ്ങളേയും യഥാശക്തി സംഭാവനകളാലും, സഹായസഹകരണങ്ങളാലും അച്ചൻ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്.

പെ. ബ. അർസീനിയൂസച്ചനു പുറമെ, സഹോദരീസഹോദരന്മാരുടെ മക്കളും അവരുടെ മക്കളുമായി— ജയിൻമേരി, മേരി തെരേസ, ജോർജ്ജിയാ, സിൽവറീനാ, സെബസ്ത്യാനി, മേരി ജസ്റ്റിൻ, ലയോണി എന്നിങ്ങനെ ഏഴു കന്യാസ്ത്രീകളും ഏക ഭാഗിനേയനായ ശ്രീ. വി. സി. ആൻറണിയുടെ മകൻ ഫെലീഷ്യൻ * ശെമ്മാശ്ശനുമുൾപ്പെടെ എട്ടംഗങ്ങൾകൂടി ഈ വംശാവലിയിൽ ആദ്ധ്യാത്മികസേവനമനുഷ്ഠിക്കുന്നുണ്ടെന്നുള്ളതും പ്രത്യേകം പ്രസ്താവാർഹമാകുന്നു.

സാമാന്യജനങ്ങളാൽ അത്രയേറെ വിലയിരുത്തപ്പെടാറില്ലെങ്കിലും, ലോകത്തിനും അവനവനും അത്യധികം പ്രയോജനപ്പെടുന്ന അമൂല്യമായ ഒരു ജീവിതദർശനമാണ് വാർദ്ധക്യം.

"വയസ്സാലുളവാകുന്ന
മനസ്സിൻ പരിപക്വത
ബുദ്ധിയോ വിദ്യയോകൊണ്ടു
സിദ്ധമായ് വരികില്ലതാൻ."

---


* ഇപ്പോൾ റവ. ഫാദർ ഫെലീഷ്യൻ

എന്ന സുഭാഷിതം വളരെ പരമാർത്ഥമാകുന്നു. അങ്ങനെ എല്ലാംനിലയിലും മഹനീയവും ഗണനീയവുമായിട്ടുള്ള വാങ്മയദശയെ അദ്ദേഹം പ്രാപിച്ചിരിക്കുകയാണിപ്പോൾ. അതിന്റെ സൽഫലങ്ങൾ അനുഭവിച്ച് നമുക്കും സംതൃപ്തിനേടാം.

അദ്ധ്യയനകാലത്തു് സ്വന്തം ജ്യേഷ്ഠന്റെ പരിലാളനവും പരിപാലനവും കഥാപുരുഷനു സിദ്ധിച്ചിരുന്നതായി മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലൊ. ഇപ്പോൾ--പരിപൂർണ്ണവിശ്രമത്തിലേക്കു തിരിഞ്ഞു് പൂജാപുഷ്പണവും പ്രാർത്ഥനയുമായിക്കഴിയുന്ന ഈ സായാഹ്നഘട്ടത്തിൽ--അച്ഛന്റെ സംരക്ഷണഭാരം സഹോദരപുത്രന്മാർ, പ്രത്യേകിച്ച് തറവാട്ടിൽ താമസിക്കുന്ന ദ്വിതീയൻ ശ്രീ. പി. ഡി. പോറ്റി സ്വയം ഏറ്റെടുത്തിരിക്കുകയാണു്.

അവ്യാജാമലമാനസൻ, ശ്രിതജന-
ക്ഷേമാനുകൂലാശയൻ,
ഭവ്യാകാരനുദാരചാരുചരിതൻ,
ലോകോപകാരവ്രതൻ,
ദൈവാനുഗ്രഹധാരയേറവനിയിൽ
ദീർഘായുരാരോഗ്യനായ്
ദിവ്യശ്രീസ്സുറിയാച്ചനാത്ത-
സുകൃതംവാഴട്ടെ നീണാൾ ശുഭം.

———o———




ജൂബിലേറിയനും ലേഖകന്മാരും

DHARMARAM LIBRARY

BANGALORE-560 029

Due Date	Due Date	Due Date



DC Library
00012392
LS P21